KNANAYADEEPAM

# ക്നാനായദീപം

Vol: 37 / Issue: 8 August 2026 ₹:20/-



# വേർപാടിന്റെ 5 – ാം വർഷം

**14-08-2026**



# ഫാ. ജെയ്സൺ സ്കറിയ

**ഇളവൻകളം, തുരുത്തി**

"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ച ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# ക്നാനായ ദീപം

2026 ആഗസ്റ്റ് പുസ്തകം 37 ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 07
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസം 19
സുനിൽ ഡി. കുരുവിള

മൃത്യു ലോകത്തിൽനിന്ന് ... 21
സണ്ണി ജേക്കബ് കാട്ടുവേലിൽ

ഞാൻ പ്രശാന്തമായി കിടന്നുറങ്ങും... 22
അമ്മാൾ രാജൻ പുളിമൂട്ടിൽ

ഏവൻഗേലിയോൻ ദീപം 24
ഫാ. സൈനോ മർക്കോസ് കൊച്ചുമംഗര

പ്രതിസന്ധികളിലെ ദൈവീക കൈയ്യൊപ്പ് 25
ഡീ. അഖിൽ മനോജ് പുന്നുച്ചേരിൽ

കൊടുപ്പിൻ എന്നാൽ നിങ്ങൾക്കും കിട്ടും 26
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

സമയമാം രഥം 28
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

ദുഃഖങ്ങൾ കർത്തനോടു.. 39
ജയ്നമ്മ മർക്കോസ് നടുവിലെപറമ്പിൽ

40 പെരുകി വരുന്ന ആത്മഹത്യകൾ
പ്രൊഫ. എം.എ. ഏബ്രഹാം മണിമലേത്ത്

41 സകല ബുദ്ധിയേയും കവിയുന്ന
കുര്യൻ ഉതുപ്പാൻ കളത്തിൽ

42 കുർബ്ബാനവീഥിയിൽ
ഫാ. ജേക്കബ് കല്ലുകുളം

43 അപൂർണ്ണതയിൽ പൂർണ്ണത വിരിയുമ്പോൾ
Seema Shinto, Kanniyel

45 മല്പാനോട് ചോദിക്കാം

46 സോഷ്യൽ മീഡിയ...
അഡ്വ. ഫെനു സ്കറിയ ഇടവഴിയ്ക്കൽ

48 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




*വേഗം വരുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രിയ ദീപം വായനക്കാർക്ക് സ്നേഹവന്ദനം*

ലോകം മുഴുവനിലും സമാധാനരഹിതമായ അന്തരീക്ഷം നിലനിൽക്കുമ്പോൾ തന്നെ സമാധാന പ്രഭുവായ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ അസമാധാനം നിലനിൽക്കുകയാണ്. ഈ അന്തരീക്ഷത്തിന് മാറ്റം ഉണ്ടാകണമെങ്കിൽ ജനത്തിന് മാനസാന്തരം ഉണ്ടാകണം. സമാധാന പ്രഭുവായ ക്രിസ്തുനാഥൻ ഒരു മനുഷ്യന്റെ മനസ്സിലുരുവാകുമ്പോൾ അവൻ യുദ്ധവിരുദ്ധനാകുന്നു. സമാധാനകാംക്ഷിയാകുന്നു. വാസ്തവത്തിൽ സമാധാനപ്രഭുവായ ക്രിസ്തുനാഥനെ ഉപേക്ഷിച്ചുകൊണ്ടാണ് നമ്മൾ സമാധാനമാചരിക്കുന്നതെങ്കിൽ എല്ലാം വ്യർത്ഥമാണ്. ഒരു കയ്യിൽ കഠാരയും മറ്റേകൈകൊണ്ട് നിങ്ങൾക്ക് സമാധാനമെന്നും പുലമ്പുന്നതുകൊണ്ട് ഉള്ള സമാധാനം കൂടി നഷ്ടപ്പെടുകയാണെന്ന് ഈ മെത്രാച്ചന്മാരും വന്ദ്യപുരോഹിതരും ചിന്തിക്കുന്നുണ്ടോ. സഭയ്ക്ക് ഭരണസംവിധാനം ഒരുക്കിത്തന്ന മുളന്തുരുത്തി സുന്നഹദോസിന്റെ ജൂബിലിവർഷത്തിൽ സഭാമക്കൾ ക്രിസ്തുവിനെ ദർശിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുകയാണ്.

തത്വമോ പ്രമാണമോ ഇല്ലാത്ത വഴക്കുകൾ ഇന്ന് ഓരോ ഇടവകകളിലും വർദ്ധിച്ചു വരുന്നുണ്ട്. ദശാബ്ദങ്ങളായി വഴക്കുമാത്രം ജീവന്റെ ലക്ഷണമായി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഇടവകകൾ ഇന്ന് വർദ്ധിച്ചു വരുകയാണ്. നമ്മുടെ സഭയിലെ പള്ളികളിൽ പഴയശീലങ്ങളിൽ തഴമ്പിച്ചവർക്ക് ഇന്നും വഴക്കില്ലെങ്കിൽ ജീവിതം വ്യർത്ഥമാണെന്നു തോന്നാം. എന്തെങ്കിലും തത്വമോ പ്രമാണമോ അടങ്ങിയിട്ടുള്ള യാതൊരുവഴക്കും ക്നാനായ സമുദായത്തിൽ വന്നിട്ടില്ല എന്നുള്ളത് സത്യമാണ്. മിക്ക വഴക്കുകളുടേയും പിന്നിൽ തത്വങ്ങളും പ്രമാണങ്ങളുമല്ല ഉണ്ടായിരിക്കുക.വ്യക്തിപരമോ കുടുംബപരമോ ആയ വാശിയും വൈരാഗ്യവും അതൃപ്തിയുമനുസരിച്ചു വഴക്കുകൾ ഉണ്ടാകും. പിന്നീടാണവയുടെ തത്വങ്ങളും പ്രമാണങ്ങളും ആധാരമാക്കി കൊണ്ടുവരുവാൻ ശ്രമിക്കുന്നത്. 125 വർഷത്തിലധികം നീണ്ടുനിന്ന മലങ്കര സുറിയാനി സഭയിലെ വ്യവഹാരങ്ങൾ അതിന് ഒരു ഉദാഹരണമാണ്. കേസുകൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ വ്യക്തിപരമായ നീരസങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. നീരസത്തിനുണ്ടായ കാരണങ്ങൾ സഭാപരമോ വിശ്വാസപരമോ ആയിരുന്നില്ല. പക്ഷേ ക്രമേണ വഴക്കുകൾ വർദ്ധിച്ചപ്പോൾ തത്വങ്ങളും പ്രമാണങ്ങളും അവയിൽ സ്ഥാനം പിടിച്ചു. ആദ്യകാലഘട്ടത്തിൽ കൂദാശകളും പട്ടത്വവും അവയുടെ സാധുതയും ഒന്നും തർക്ക വിഷയമായിരുന്നില്ല. എന്നാൽ ഇപ്പോൾ ആ വിഷയങ്ങളിൽ എത്തിച്ചേർന്നതുപോലെ സമുദായത്തിലെ വ്യക്തിഗതമായ കക്ഷിവഴക്കുകൾ വർദ്ധിച്ചു നീളുംതോറും പിന്നീട് തീർപ്പാക്കാൻ സാധിക്കാത്ത നിലയിലേക്ക് തള്ളപ്പെടും. അതു നിമിത്തം അനേകർ സഭാവിശ്വാസത്തിൽ നിന്നും അകന്നുപോകും. സമ്പന്നതയുടെ മടിത്തട്ടിൽ കഴിയുന്ന വിദേശീയരിൽ കണ്ടുവരുന്ന ധാർമ്മിക-സാന്മാർഗ്ഗിക രംഗത്തെ അധ:പതനം നമ്മുടെ ഇടയിൽ ഒരു യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു.

പാശ്ചാത്യസമ്പന്നത പാശ്ചാത്യരിൽ വിതച്ച കേടുകൾ ഈയിടെയായി നമ്മുടെ സമ്പന്ന വർഗ്ഗത്തിനിടയിലും അനല്പമായി കണ്ടുവരുന്നുണ്ടെന്നുള്ളത് വിസ്മരിച്ചുകൂടാ. നമ്മുടെ ഒത്തുകല്യാണം, മൈലാഞ്ചി, ചന്തം ചാർത്തൽ, എന്നീ ചടങ്ങുകൾക്കുശേഷം അതേ സ്റ്റേജിൽ കാണിക്കുന്ന വികൃതികൾ അധ:പതനത്തിന്റെ ലക്ഷണമല്ലേ. തിന്നുവാനും കുടിക്കുവാനും രമിക്കുവാനും നൃത്തംചെയ്യുവാനും സങ്കേതങ്ങൾ തേടുന്നവരുടേയും സങ്കേതങ്ങൾ ഒരുക്കുന്നവരുടേയും കഥകൾ നിർഭാഗ്യവശാൽ ഇവിടെയും വർദ്ധിച്ചു വരികയാണ്. ഡേറ്റിംഗും ഫ്രീലൗവ്വും ലിവിംഗ് റ്റുഗദറും (Living together) അവയുടെ പേരിലറിയപ്പെടുന്ന അവിഹിതവേഴ്ച്ചകളും ഇവിടെ ആരംഭിച്ചിരിക്കുന്നു.അതിന്റെ പാളിച്ചകളും കെടുതികളും ഇവിടുത്തെ പല സമ്പന്നകുടുംബങ്ങളിലും സംഭവിക്കുന്നുണ്ട്. കേരളത്തിലേയും കർണ്ണാടകത്തിലേയും പല പട്ടണങ്ങളിൽ അത്തരക്കാരെ മാടി വിളിക്കുന്ന നിരവധി സങ്കേതങ്ങൾ ഉയർന്നുകഴിഞ്ഞു. നിങ്ങൾക്ക് ഇഷ്ടപ്പെടുന്ന ഏതുവിഭവവും ലഭിക്കുന്ന റെസ്റ്റോറന്റുകൾ വർദ്ധിച്ചുവരുന്നു. പലഭവനങ്ങളിലും പരമ്പരാഗതഭക്ഷണങ്ങൾ ഉണ്ടാക്കുന്നില്ല. ഇതുനിമിത്തമായി യുവാക്കളുടെ ഇടയിൽ ദൈവവിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് ഗൗരവതരമായി എടുത്തുകൊണ്ട് ലോകപ്രകാരമുള്ള ചിന്താഗതിയിൽനിന്നും ജനങ്ങളെ പിൻതിരിപ്പിക്കുവാനുള്ള ഉത്തരവാദിത്വം വിസ്മരിച്ചുകൊണ്ട് കേസുകളും വഴക്കുകളും ഉപേക്ഷിച്ച് യഥാർത്ഥമായി മാനസാന്തരപ്പെട്ട് ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ തുടങ്ങാം. പുതിയ തലമുറക്കാർ(ന്യൂജൻ) അവർക്ക് പുതുമനിറഞ്ഞ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത് നല്ല കാര്യമാണ്. അത് സ്വന്തം ജീവനും സ്വത്തുക്കൾക്കും നാശം വരുത്തുന്നതായാൽ അത് അനുകരിക്കുന്നത് അപകടമെന്ന് മനസ്സിലാക്കാനുള്ള വിവേചനശക്തി ആവശ്യമാണ്. മാതാപിതാക്കളുടേയും ഗുരുജനങ്ങളുടേയും ദൈവീക ശുശ്രൂഷകരുടേയും വാക്കുകൾ ജീവിതത്തിൽ മുറുകെപ്പിടിച്ച് ജീവിക്കുന്നത് വിജയകരവും അനുഗ്രഹകരവുമായ ജീവിതത്തിന് അനിവാര്യമാണ്. ജീവന്റെ വിലയും ജീവിതവും ഒരേയൊരു ആയുസ്സും കണക്കിലെടുത്താൽ ലോകത്തോട് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.(റോമർ12.2)

എന്ന് നിങ്ങളുടെ പ്രിയ **റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



> "സുറിയാനി സഭയുടെ വിശ്വാസത്തിൽ
> കൂടാരപ്പെരുന്നാൾ താബോർ മലയിൽ
> ആരംഭിച്ച ആ പ്രകാശയാത്രയെ
> നമ്മുടെ ഹൃദയങ്ങളിലേക്കും
> കുടുംബങ്ങളിലേക്കും ഇടവകകളിലേക്കും
> സമൂഹത്തിലേക്കും
> പകർന്നു നൽകാനുള്ള വിളിയാണ്.
> ക്രിസ്തുവിന്റെ പ്രകാശം ദർശിച്ചവർ
> ആ പ്രകാശത്തിന്റെ പ്രതിഫലനങ്ങളായി
> ലോകത്തിൽ ജീവിക്കുമ്പോഴാണ്
> കൂടാരപ്പെരുന്നാളിന്റെ അനുഗ്രഹം
> യാഥാർത്ഥ്യമാകുന്നത്."

ആഗസ്റ്റ് മാസം സഭാജീവിതത്തിലും ദേശീയ ജീവിതത്തിലും ഒരുപോലെ അനുഗ്രഹത്തിന്റെ പ്രകാശം പരത്തുന്ന വിശേഷദിനങ്ങളാൽ സമ്പന്നമാണ്. വിശ്വാസത്തെയും വിശുദ്ധിയെയും ദേശസ്നേഹത്തെയും സമൂഹബോധത്തെയും ഒരുപോലെ ഉണർത്തുന്ന ഈ ദിനങ്ങൾ നമ്മുടെ ആത്മീയ യാത്രയെ നവീകരിക്കുന്ന ദൈവാനുഗ്രഹത്തിന്റെ ഓർമ്മകളാണ്.

ആഗസ്റ്റ് 6 ന് സഭ ഭക്ത്യാദരവോടെ ആചരിക്കുന്ന കൂടാരപ്പെരുന്നാൾ, ക്രീസ്തീയ വിശ്വാസത്തിലെ മഹത്തായ വെളിപ്പെടുത്തലുകളുടെ ദീപ്തമായ പെരുന്നാളാണ്. താബോർ മലയിൽ രൂപാന്തരപ്പെട്ട കർത്താവിന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിക്കുകയും വസ്ത്രങ്ങൾ വെളിച്ചംപോലെ ശുഭ്രമായി മാറുകയും ചെയ്തപ്പോൾ, ശിഷ്യന്മാർ മനുഷ്യരൂപത്തിൽ മറഞ്ഞിരുന്ന ദൈവമഹത്വത്തിന്റെ ഒരു മിന്നൽക്കാഴ്ച ദർശിച്ചു (മത്താ. 17:1–9). മോശയും ഏലിയാവും സാക്ഷികളായി നിലകൊള്ളുകയും, "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനെ കേൾപ്പിൻ" എന്ന പിതാവിന്റെ സ്വരം ആകാശത്തിൽനിന്ന് മുഴങ്ങുകയും ചെയ്തു. ഈ ദിവ്യദർശനം ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ പ്രഖ്യാപനം മാത്രമല്ല; മനുഷ്യസ്വഭാവത്തെ മഹത്വത്തിന്റെ ഉയരങ്ങളിലേക്ക് ഉയർത്തിയ മനുഷ്യാവതാര രഹസ്യത്തിന്റെ വെളിപ്പെടുത്തലുമാണ്. സുറിയാനി സഭയുടെ വിശ്വാസത്തിൽ കൂടാരപ്പെരുന്നാൾ താബോർ മലയിൽ ആരംഭിച്ച ആ പ്രകാശയാത്രയെ നമ്മുടെ ഹൃദയങ്ങളിലേക്കും കുടുംബങ്ങളിലേക്കും ഇടവകകളിലേക്കും സമൂഹത്തിലേക്കും പകർന്നു നൽകാനുള്ള വിളിയാണ്. ക്രിസ്തുവിന്റെ പ്രകാശം ദർശിച്ചവർ ആ പ്രകാശത്തിന്റെ പ്രതിഫലനങ്ങളായി ലോകത്തിൽ ജീവിക്കുമ്പോഴാണ് കൂടാരപ്പെരുന്നാളിന്റെ അനുഗ്രഹം യാഥാർത്ഥ്യമാകുന്നത്. താബോറിലെ ദിവ്യപ്രകാശം നമ്മുടെ ജീവിതത്തിലെ ഇരുളുകളെ അകറ്റി, വിശുദ്ധിയിലേക്കും പ്രത്യാശയിലേക്കും നിത്യജീവന്റെ മഹത്വത്തിലേക്കും നമ്മെ നയിക്കട്ടെ.

ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന ശൂനോയോ നോമ്പും, ആഗസ്റ്റ് 15–ലെ ശൂനോയോ പെരുന്നാളും, വിശ്വാസത്തിന്റെ നിശ്ശബ്ദ സംഗീതമാണ്. ദൈവഹിതത്തോടുള്ള പൂർണ്ണ സമർപ്പണത്തിന്റെ ജീവനുള്ള സുവിശേഷമായിരുന്നു പരിശുദ്ധ കന്യക മറിയം. "ഇതാ, ഞാൻ കർത്താവിന്റെ ദാസി" എന്ന അവളുടെ വിനയപൂർണ്ണമായ മറുപടി മനുഷ്യചരിത്രത്തിന്റെ ദിശ മാറ്റിയ വിശ്വാസത്തിന്റെ ശബ്ദമായിരുന്നു. "സകല തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും" എന്ന വചനം അവളുടെ ജീവിതത്തിന്റെ അനശ്വര മഹത്വത്തെ പ്രഖ്യാപിക്കുന്നു. സഭ മറിയത്തെ ആരാധിക്കുന്നില്ല; ദൈവവചനത്തിന് സമ്പൂർണ്ണമായി വഴങ്ങിക്കാടുത്ത വിശ്വാസത്തിന്റെ പരിപൂർണ്ണ മാതൃകയായി ആദരിക്കുകയും, അവളുടെ മദ്ധ്യസ്ഥപ്രാർത്ഥനകളെ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ശൂനോയോ നോമ്പ് ഭക്ഷണനിയമങ്ങളുടെ നിയന്ത്രണത്തിലൂടെ ഹൃദയം വിശുദ്ധമാകുന്ന കാലമാണ്. മറിയം ദൈവവചനം ഹൃദയത്തിൽ സൂക്ഷിച്ചതുപോലെ, നാമും വചനം ഹൃദയത്തിൽ വിതച്ച് ജീവിതത്തിൽ ഫലിപ്പിക്കുവാൻ ഈ അനുഗ്രഹീത ദിനങ്ങൾ നമ്മെ

ക്ഷണിക്കുന്നു. വിനയത്തിൽ വിരിയുന്ന വിശുദ്ധിയും സമർപ്പണത്തിൽ വിരിയുന്ന മഹത്വവുമാണ് ശൂനോയോ നോമ്പിന്റെയും, പെരുന്നാളിന്റെയും സന്ദേശം.

ആഗസ്റ്റ് 15-ന് ഭാരതം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ദേശീയപതാക ആകാശത്ത് ഉയരുമ്പോൾ, അതോടൊപ്പം സ്വാതന്ത്ര്യത്തിന്റെ വിലയും ഉത്തരവാദിത്വവും നമ്മുടെ മനസ്സിലും ഉയരണം. അനേകം മഹാത്മാക്കളുടെ ത്യാഗരക്തം നനച്ച മണ്ണിലാണ് നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വൃക്ഷം വളർന്നത്.. അതിനാൽ സ്വാതന്ത്ര്യം ഒരു അവകാശം മാത്രമല്ല; തലമുറകളിലേക്ക് കൈമാറേണ്ട വിശുദ്ധമായ ദൗത്യമാണ്. "സ്വാതന്ത്ര്യത്തിനായിട്ടാണ് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത്" (ഗലാ. 5:1) എന്ന അപ്പസ്തോലിക വചനം സത്യത്തിലും നീതിയിലും സ്നേഹത്തിലും ജീവിക്കാനുള്ള വിളിയാണ്. "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന കർത്താവിന്റെ വചനം ഓരോ ഭാരതീയന്റെയും ജീവിതപ്രതിജ്ഞയാകട്ടെ. ദൈവം നമുക്ക് ഏല്പിച്ച ഈ മഹത്തായ ദേശത്തെ സ്നേഹിക്കുകയും സേവിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് നമ്മുടെ വിശ്വാസത്തിന്റെ സാമൂഹിക സാക്ഷ്യമാണ്. ഭാരതം സമാധാനത്തിന്റെയും ഐക്യത്തിന്റെയും നീതിയുടെയും പ്രകാശമായി ലോകത്തിനു മുമ്പിൽ എന്നും ഉയർന്നു നിൽക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ മഹാസംഗമത്തിൽ ഈ വർഷവും പങ്കെടുക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഭൂഖണ്ഡങ്ങൾ നമ്മെ അകറ്റിയാലും വിശ്വാസം നമ്മെ ചേർത്തുനിർത്തുന്നുവെന്ന സത്യത്തിന്റെ മനോഹരമായ സാക്ഷ്യമാണ് ഈ മഹാസംഗമം. കുടിയേറ്റത്തിന്റെ പുതിയ മണ്ണിൽ ജീവിക്കുമ്പോഴും പൂർവ്വികർ കൈമാറിയ വിശ്വാസവും ആരാധനാപാരമ്പര്യവും ക്നാനായ തനിമയും അടുത്ത തലമുറയുടെ ഹൃദയങ്ങളിൽ ജ്വലിപ്പിച്ചു നിർത്താനുള്ള മഹത്തായ ദൗത്യമാണ് ഈ സംഗമം നിർവ്വഹിക്കുന്നത്. ക്രിസ്തുവിലുള്ള ഐക്യവും പൈതൃകത്തോടുള്ള പ്രതിബദ്ധതയും ഈ കൂട്ടായ്മയുടെ ആത്മാവാണ്. യുവതലമുറയ്ക്ക് സഭയെയും വിശ്വാസത്തെയും ആത്മീയ വേരുകളെയും സ്നേഹിക്കുവാനുള്ള നവോന്മേഷം ഇത്തരം സംഗമങ്ങൾ പകരുന്നു. ഈ മഹാസംഗമം സംഘടിപ്പിച്ച നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റിയുടെ നേതൃത്വത്തെയും ബഹുമാന്യ വൈദികരെയും സമർപ്പിത പ്രവർത്തകരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ വിശ്വാസകൂട്ടായ്മ കുടുംബങ്ങളെ കൂടുതൽ ദൃഢമാക്കുകയും സഭയോടുള്ള പ്രതിബദ്ധതയെ കൂടുതൽ ആഴപ്പെടുത്തുകയും ചെയ്യട്ടെ.

വിദ്യാഭ്യാസം ഒരു തൊഴിലിലേക്കുള്ള വഴിമാത്രമല്ല; ഒരു സമൂഹത്തിന്റെ ആത്മാവിനെ രൂപപ്പെടുത്തുന്ന വിശുദ്ധ ശുശ്രൂഷയാണ്. പ്രവേശനപരീക്ഷകളുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകൾ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ അനിശ്ചിതത്വത്തിന്റെ നിഴൽ വീഴ്ത്തിയിരിക്കുന്നു. സത്യസന്ധതയും സുതാര്യതയും നീതിയും നിലനിൽക്കുമ്പോഴാണ് വിദ്യാഭ്യാസം വിശ്വാസ്യത നേടുന്നത്. അതിനാൽ ബന്ധപ്പെട്ട അധികാരികൾ ഈ വിഷയത്തെ അതീവ ഗൗരവത്തോടെയും നിഷ്പക്ഷതയോടെയും പരിശോധിക്കുകയും സത്യം വെളിച്ചത്തുകൊണ്ടുവരുകയും വേണം. അതോടൊപ്പം വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കപ്പെടുകയും അവരുടെ മാനസിക സമ്മർദ്ദം കുറയുകയും ചെയ്യുന്ന വിധത്തിൽ വേഗത്തിലും നീതിപൂർവ്വമായും നടപടികൾ സ്വീകരിക്കപ്പെടണം. പ്രിയപ്പെട്ട വിദ്യാർത്ഥികളേ, നിങ്ങളുടെ അധ്വാനം ഒരിക്കലും വെറുതെയാകില്ല. മനുഷ്യന്റെ കണക്കുകൾ തെറ്റിയാലും ദൈവത്തിന്റെ നീതി ഒരിക്കലും തെറ്റുകയില്ല. പ്രത്യാശ കൈവിടരുത്; ദൈവത്തിൽ ആശ്രയിച്ച് സത്യസന്ധമായി മുന്നേറുക. നിങ്ങളുടെ പ്രയത്നത്തിന് യോജിച്ച ഫലം നൽകുന്നവൻ ദൈവമാണ്.

കർത്താവിന്റെ രൂപാന്തരത്തിന്റെ പ്രകാശവും, ദൈവമാതാവിന്റെ സമർപ്പണത്തിന്റെ സൗരഭ്യവും, സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്വവും, വിശ്വാസകൂട്ടായ്മയുടെ ഐക്യവും, നീതിയിലുള്ള അചഞ്ചല വിശ്വാസവും നമ്മുടെ ജീവിതങ്ങളെ സമ്പന്നമാക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ
**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

## സൺഡേസ്കൂൾ അദ്ധ്യാപകരായി 50 വർഷം പൂർത്തീകരിച്ചവർ



Shri P.K.Kuruvila
Puthiyaparambil
St.John's
Puthenpally
Chingavanam



Shri K.K.Jacob
Kocheril
Head master
St.Mary's
Knanaya
Church,Mazhukkeer



Shri.O.U.Uthup
Oliyapurathu
St.Mary's Church,
West Othera



Shri.P.I. Chacko
Padakasseril
Mor Ignatious
Church
Kurichy



Shri.P.C.Abraham
Plamthottam
St.John's
Puthenpally
Chingavanam

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരേ, കേരളഹൈക്കോടതിയിൽ സമുദായത്തിനും സമുദായ മെത്രാപ്പോലീത്തായ്ക്കും എതിരെ നിലനിന്നിരുന്ന കേസിൽ ശക്തമായ വാദങ്ങൾ പൂർത്തിയാക്കി. ആർഗ്യൂമെന്റ് നോട്ട് ഫയൽ ചെയ്യുന്നതിനുള്ള നിയമപരമായ ക്രമീകരണങ്ങൾ കൃത്യമായി ഏകോപിപ്പിച്ച ശേഷമാണ് സമുദായ നേതൃത്വം, നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റിയുടെ (NAMKC) പ്രത്യേക ക്ഷണം സ്വീകരിച്ചത്. സമുദായ മെത്രാപ്പോലീത്തായ്ക്കും, സമുദായ സെക്രട്ടറിക്കും, സമുദായട്രസ്റ്റിക്കും, ക്നാനായ കമ്മിറ്റി അംഗം റ്റിജു തോട്ടുപുറത്തിനും സംഗമത്തിൽ പങ്കെടുക്കുവാൻ സാധിച്ചു.

**കെട്ടുറപ്പിന്റേയും കൂട്ടായ്മയുടേയും അവിസ്മരണീയ ഏടുകൾ**

നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മിറ്റിയുടെ (NAMKC) ആഭിമുഖ്യത്തിൽ പെൻസിൽ വേനിയയിൽ നടന്ന നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമം,സമുദായ ചരിത്രത്തിൽ സുവർണ്ണ അക്ഷരങ്ങളാൽ എഴുതിച്ചേർക്കപ്പെട്ട അവിസ്മരണീയ സംഭവമായി മാറി. ജൂലൈ 23ന് ആരംഭിച്ച് നാല് ദിവസം നീണ്ടുനിന്ന ഈ മാമാങ്കത്തിൽ വിദേശത്തുനിന്നും നാട്ടിൽനിന്നുമായി ആയിരത്തോളം സമുദായാംഗങ്ങളാണ് പങ്കെടുത്തത്.

ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സമുദായപതാക ഉയർത്തി പരിപാടികൾക്ക് ഔദ്യോഗിക തുടക്കമായി. തുടർന്ന്, സമുദായ സെക്രട്ടറി ടി.ഒ.ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, മാനേജിംഗ് കമ്മിറ്റിയംഗം റ്റിജു ഏബ്രഹാം തോട്ടുപുറത്ത് എന്നിവർ ചേർന്ന് ഭാരതത്തിന്റെ ദേശീയ പതാകയും NAMKC പ്രസിഡന്റ് ജേക്കബ് തോമസ് ഇടവഴിയ്ക്കൽ, സെക്രട്ടറി അജയ് മാത്യു വാഴയ്ക്കൽ, ട്രസ്റ്റി മിന്നു സജി ഇരണയ്ക്കൽ എന്നിവർ ചേർന്ന് അമേരിക്കൻ ദേശീയപതാകയും വാനിലുയർത്തി. വർണ്ണശബളമായ ഘോഷയാത്രയോടെ തിരുമേനിക്കും മറ്റ് വിശിഷ്ടാതിഥികൾക്കും സമ്മേളനനഗരിയിൽ ഹൃദ്യമായ വരവേല്പ്പുനൽകി.

ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സംഗമത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. വിദേശരാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്താലും ഭാരതത്തിന്റെ മഹത്തായ സംസ്കാരവും ക്നാനായസമുദായത്തിന്റെ പാരമ്പര്യവും മൂല്യങ്ങളും പുതിയ തലമുറകളിലേയ്ക്ക് കൈമാറാനും കാത്തുസൂക്ഷിക്കാനും നാം എപ്പോഴും ശ്രദ്ധിക്കണം എന്ന് വലിയ മെത്രാപ്പോലീത്താ തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ആഹ്വാനം ചെയ്തു. തുടർന്നുനടന്ന സമ്മേളനത്തിൽ സമുദായ സെക്രട്ടറി ടി.ഒ.ഏബ്രഹാം തോട്ടത്തിൽ മുഖ്യ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, മാനേജിംഗ് കമ്മിറ്റി അംഗം റ്റിജു ഏബ്രഹാം തോട്ടുപുറത്ത്, NAMKCപ്രസിഡന്റ് തോമസ് ചാലുപറമ്പിൽ, ട്രസ്റ്റി മിന്നു സജി ഇരണയ്ക്കൽ എന്നിവരും ഫാ. മർക്കോസ് എം ചാലുപറമ്പിൽ, ഫാ.റെന്നി ഏബ്രഹാം കിഴക്കേതിൽ ഫാ. ഡോ.തോമസ് ഏബ്രഹാം മലേച്ചേരിൽ, ഫാ. ബിജു ആരമ്മാമൂട്ടിൽ, തുടങ്ങിയ വൈദികശ്രേഷ്ഠരും ജോവാന വടക്കേൽ, റെജി ഏലിയാസ് മടുക്കുമ്മൂട്ടിൽ, നിമിഷ പുതുച്ചിറയിൽ, എന്നിവരും ആശംസകൾ അർപ്പിച്ചു സംസാരിച്ചു. നാലുദിവസം നീണ്ടുനിന്ന മഹാസംഗമം, സാംസ്കാരിക വൈവിദ്ധ്യങ്ങൾ കൊണ്ടും വൻ ജനപങ്കാളിത്തം കൊണ്ടും ആവേശജ്വാലയായി മാറി. അമേരിക്കയിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള സമുദായ അംഗങ്ങൾ തങ്ങളുടെ സാംസ്കാരിക പാരമ്പര്യവും ക്നാനായ തനിമയും വിളിച്ചോതുന്ന കലാപരിപാടികൾ വേദിയിൽ അവതരിപ്പിച്ചു. അതോടൊപ്പം സമുദായ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിപുലമായ കായികമത്സരങ്ങളും സംഘടിപ്പിച്ചു. വിവിധമത്സരങ്ങളിൽ വിജയികളായവർക്ക് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് സമ്മാനങ്ങളും ട്രോഫികളും വിതരണംചെയ്തു. അമേരിക്കൻ പ്രസിഡന്റിന്റെ പ്രത്യേക ആശംസാസന്ദേശം സമ്മേളനത്തിൽ വായിച്ചു. ക്നാനായ സമൂഹം അമേരിക്കൻ മണ്ണിൽ നൽകുന്ന മഹത്തായ സംഭാവനകളേയും സാംസ്കാരിക പാരമ്പര്യത്തെയും അമേരിക്കൻ പ്രസിഡന്റ് തന്റെ സന്ദേശത്തിൽ പ്രശംസിച്ചു. വേദിയിൽവെച്ച് ഈ ആശംസാ സന്ദേശം വായിച്ച വലിയ മെത്രാപ്പോലീത്താ, ഇത് ക്നാനായ സഭാചരിത്രത്തിലെ സമാനതകളില്ലാത്ത അംഗീകാരമാണെന്ന് വിശേഷിപ്പിച്ചു.

വാഷിംഗ്ടൺ ഡി.സി.വൈറ്റ്ഹൗസിലെ യു.എസ്. ഗവൺമെന്റിന്റെ സീനിയർ എക്സിക്യൂട്ടീവ് സർവ്വീസ് (IFS)അംഗമായ റവ.അലക്സാണ്ടർ ജെ. കുര്യൻ സമ്മേളനത്തിൽ മുഖ്യസാന്നിദ്ധ്യമായി പങ്കെടുത്തു. ക്നാനായ സമൂഹത്തിന്റെ വളർച്ചയും പൊതുസമൂഹത്തിൽ അവർ കൈവരിച്ച ഉന്നതിയും എടുത്തുപറഞ്ഞ അദ്ദേഹത്തിന്റെ പ്രഭാഷണം മഹാസംഗമത്തിന് പുതിയൊരു ദിശാബോധം നൽകി. കൂടാതെ ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ പ്രതിനിധിയും കൗൺസിലറുമായ എൽദോസ് പുന്നൂസ് ഐ.എഫ്.എസിന്റെ (IFS) സാന്നിദ്ധ്യവും പ്രഭാഷണവും ചടങ്ങിന് അന്താരാഷ്ട്ര തലത്തിലുള്ള പ്രൗഢി നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ സമുദായ സെക്രട്ടറി ടി.ഒ.ഏബ്രഹാം തോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, മാനേജിംഗ് കമ്മിറ്റി അംഗം റ്റിജു

ഏബ്രഹാം തോട്ടുപുറത്ത്, ഫാ. മർക്കോസ് എം. ചാലുപറമ്പിൽ, NAMKC പ്രസിഡന്റ് ജേക്കബ്തോമസ് ഇടവഴിക്കൽ, സെക്രട്ടറി അജയ്മാത്യു വാഴയ്ക്കൽ, ട്രസ്റ്റി മിന്നു സജി ഇരണയ്ക്കൽ എന്നിവർ സംസാരിച്ചു. പുതിയഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നിലവിലെ ഭരണസമിതിയുടെ കാലാവധി പൂർത്തിയായതിനെ തുടർന്ന് ഭരണഘടനാപ്രകാരം NAMKC ബിസിനസ്സിൽ അടുത്ത നാലു വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ ഐകൃകണ്ഠേന തിരഞ്ഞെടുത്തു.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് രാജൻ കുറിയാക്കോസ് പുന്നാറ്റുശ്ശേരിൽ, വൈസ്പ്രസിഡന്റ് തോമസ് ജോസഫ് ചെരിവുപറമ്പിൽ, സെക്രട്ടറി റെന്നി ഇരണയ്ക്കൽ, ട്രസ്റ്റി ജെസ്സി പ്രസാദ് വടവുപറമ്പിൽ, ജോ. സെക്രട്ടറി നിമിഷ നിഖിൽ പുതുച്ചിറയിൽ.

**ഗവേണിംഗ് ബോർഡ് അംഗങ്ങൾ**

അജയ് വാഴയ്ക്കൽ, ഡയാനാമാർക്കോസ് തൂമ്പുങ്കൽ, അനി മാലിക്കറുകയിൽ, കുറിയാക്കോസ് ഇടവഴിയ്ക്കൽ, റ്റിജു മൂഴിപ്പറമ്പിൽ, ഇ.കെ.ജേക്കബ് ഇടശ്ശേരിൽ, സജി ഇരണയ്ക്കൽ, പ്രിജോ കല്ലംപറമ്പിൽ.

ഇന്ന് വിദേശ രാജ്യങ്ങളിൽ വേരുകളുറപ്പിച്ച നമ്മുടെ സമുദായാംഗങ്ങൾ അതാത് നാടുകളിൽ പ്രാർത്ഥനാലയങ്ങൾ സ്ഥാപിച്ചും വിശുദ്ധബലിയർപ്പിച്ചും വനിതാസമാജം, സൺഡേസ്കൂൾ, ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മകൾ, തുടങ്ങിയവ സജീവമായി നടത്തിയും തങ്ങളുടെ ആത്മീയ സാമൂഹിക ജീവിതം ധന്യമാക്കിക്കൊണ്ടിരിക്കുന്നു. വിദേശങ്ങളിൽ ജീവിക്കുമ്പോഴും തങ്ങളുടെ പൊക്കിൾക്കൊടി ബന്ധം ഉറങ്ങുന്ന ചിങ്ങവനം മാർ അഫ്രേം സെമിനാരിയോടും ജന്മനാടിനോടും ഉള്ള ബന്ധം അവർ തെല്ലും അയവില്ലാതെ നിലനിർത്തുന്നു എന്നത് ഏവർക്കും അഭിമാനകരമായ കാര്യമാണ്. ജനാധിപത്യപരമായ ഭരണസംവിധാനവും ഓൺലൈൻ വിപ്ളവവും ക്നാനായ സമുദായത്തിന്റെ പരമോന്നത ഭരണസമിതി (Supreme Body) എന്നത് ക്നാനായ അസ്സോസിയേഷൻ ആണ്. ഓരോ വിദേശരാജ്യങ്ങളിലും പ്രവർത്തിക്കുന്ന സംഘടനകൾക്ക് ആവശ്യമായ ബൈലോകൾ(By-law)അസ്സോസിയേഷൻ പാസ്സാക്കി നൽകിയിട്ടുണ്ട്. അസ്സോസിയേഷൻ യോഗങ്ങൾ കൂടുമ്പോൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ സമുദായത്തിന്റെ മുമ്പിൽ തുറന്നു പറയുകയും ചെയ്യുന്നു. എല്ലാവരുടേയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിച്ചാണ് സമുദായത്തിന്റെ ഭരണം മുമ്പോട്ടു പോകുന്നത്. ഇന്ന് സമുദായം ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഒരു വലിയ കുടക്കീഴിലാണ് പ്രവർത്തിക്കുന്നത്. ലക്ഷക്കണക്കിനുരൂപാ ചെലവഴിച്ച് പ്രവാസികളായ അംഗങ്ങൾ അഫ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ നേരിട്ടെത്താതെ തന്നെ അതതു രാജ്യങ്ങളിലിരുന്ന് അസ്സോസിയേഷൻ യോഗങ്ങളിൽ പങ്കെടുക്കാനും അഭിപ്രായങ്ങൾ രേഖപ്പെടുത്താനുമുള്ള ഓൺലൈൻ സംവിധാനം നിലവിലെ മാനേജിംഗ് കമ്മിറ്റി വർഷങ്ങളായി വിജയകരമായി ഒരുക്കിയിട്ടുണ്ട്.

ലോകം മുഴുവൻ ഒരുകുടക്കീഴിൽ പ്രവർത്തിക്കുന്ന നമ്മുടെ സമുദായത്തിന്റെ തീരുമാനങ്ങൾ ലോകമെമ്പാടും വ്യാപിപ്പിക്കേണ്ടതുണ്ട്. പരമോന്നത സമിതി എടുക്കുന്ന തീരുമാനങ്ങൾ ഉൾക്കൊണ്ട് അതിനനുസരിച്ച് പ്രവർത്തിക്കേണ്ടത് ഓരോ ക്നാനായക്കാരന്റേയും കടമയാണ്. കാരണം നമ്മൾ ഒരു രക്തവും ഒരു മാംസവും ഒരു സമുദായവുമാണ്. നമുക്കുള്ളത് ഒരു സമുദായ മെത്രാപ്പോലീത്തായും മൂന്ന് സഹായ മെത്രാന്മാരും ഒരു ഭരണഘടന, ഒരു അസ്സോസിയേഷൻ, അതിനുകീഴിൽ വ്യക്തമായ ബൈലോകളോടെ പ്രവർത്തിക്കുന്ന വിവിധ പോഷക സംഘടനകൾ. ഈ കൃത്യമായ നിയമങ്ങളിലൂടെയും ഭരണഘടനയിലൂടെയും സഞ്ചരിച്ചാൽ സമുദായത്തിന്റെ മുമ്പോട്ടുള്ള പ്രയാണം വളരെ സുഗമവും ശക്തവുമാകും. നമ്മുടെ ഇടയിൽ യാതൊരുവിധ വിഭാഗീയതകളും കടന്നുകൂടരുത്. വിയോജിപ്പുകൾ മാറ്റിവെച്ച് ഭരണഘടനയേയും സമുദായ മെത്രാപ്പോലീത്തായേയും സമുദായ നേതൃത്വത്തെയും ബഹുമാനിച്ച് ഒറ്റക്കെട്ടായി ഒത്തൊരുമയോടെ മുമ്പോട്ടുപോകാൻ എല്ലാ സമുദായ അംഗങ്ങളോടും സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

ക്നാനായ അസ്സോസിയേഷന്റെ ഭരണഘടനപ്രകാരം 2025-26 വർഷത്തെ സമുദായത്തിന്റേയും സമുദായ സ്ഥാപനങ്ങളുടേയും വാർഷിക റിപ്പോർട്ടും കണക്കുകളും പാസ്സാക്കുന്നതിനും മറ്റു പ്രധാനപ്പെട്ട അത്യാവശ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി അസ്സോസിയേഷൻ യോഗം ഈ മാസം 28-ാം തീയതി ചേരുകയാണ്. യോഗം സംബന്ധിച്ച ഔദ്യോഗിക നോട്ടീസുകൾ അസ്സോസിയേഷൻ അംഗങ്ങൾക്ക് ഇതിനകം അയച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാ മാന്യ അസ്സോസിയേഷൻ അംഗങ്ങളും നിശ്ചിതസമയത്തുതന്നെ യോഗത്തിൽ പങ്കാളികളാകണമെന്ന് താല്പര്യപൂർവ്വം അഭ്യർത്ഥിക്കുന്നു.

പ്രിയ സമുദായാംഗങ്ങളെ,നമ്മുടെ സമുദായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന റാന്നി മോതിരവയൽ Mor Severios Housing Project സഹോദരന് ഒരു പാർപ്പിടം പദ്ധതിയുടെ സന്തോഷകരമായ പുരോഗതി നിങ്ങളെ അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. പദ്ധതിയുടെ ഭാഗമായ 5 വീടുകളുടെ നിർമ്മാണം ഏതാണ്ട് പൂർത്തീകരണത്തോടടുക്കുകയാണ്. കൂടാതെ, മറ്റ് നാലുവീടുകൾക്ക് കൂടി പുതിയ സ്പോൺസർമാരെ കണ്ടെത്തുവാൻ കഴിഞ്ഞു.ഈ സംരംഭത്തോട് മനസ്സറിഞ്ഞ് സഹകരിച്ചതിനും തുടർന്നും പിന്തുണ നൽകുന്നതായ എല്ലാസമുദായ സ്നേഹികൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. കുൽപ്പമല എസ്റ്റേറ്റിലെ ചെങ്കൽ വെട്ടി മാറ്റുന്നതുമായി ബന്ധപ്പെട്ട് വസ്തുതാവിരുദ്ധവും തെറ്റിദ്ധരിപ്പിക്കപ്പെടുന്നതുമായ വാർത്തകൾ സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സമുദായ സ്വത്തുക്കളുടെ സുതാര്യതയും സംരക്ഷണവും ഉറപ്പാക്കാൻ ഉത്തരവാദിത്തപ്പെട്ട സമുദായ മാനേജിംഗ് കമ്മിറ്റി, ഈ വിഷയത്തിലെ യാഥാർത്ഥ്യം നിങ്ങൾക്കുമുമ്പിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കുൽപ്പമലയിൽ ഏതാണ്ട് 10 ഏക്കറോളം സ്ഥലം വെട്ടുകല്ല് പാറയായി,ഒരു ചെടിപോലും വളരാതെ തരിശായി കിടക്കുകയാണ്. അവിടെനിന്നും കല്ല് വെട്ടിമാറ്റി അതിൽ നിന്നുണ്ടാകുന്ന വേസ്റ്റ് മണ്ണ് ഉപയോഗിച്ച് നികത്തി

യാൽ ആ പത്ത് ഏക്കർ സ്ഥലം കൃഷിയോഗ്യമാക്കുവാൻ സാധിക്കും. കൂടാതെ, കല്ല് വെട്ടിമാറ്റുമ്പോൾ നല്ലൊരു തുക സമുദായത്തിന് വരുമാനമായി ലഭിക്കുകയും ചെയ്യും. സമുദായ ഭരണഘടനപ്രകാരം ക്നാനായ കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട കാര്യമായതിനാലും 2022ലെ ക്നാനായ കമ്മിറ്റിയിൽ കൃത്യമായി ചർച്ചചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ക്നാനായ കമ്മിറ്റി നടപടികളുമായി മുമ്പോട്ടു പോയത്. ഇതു സംബന്ധിച്ച് 18/ 07/2022 ൽ മലയാള ദിനപ്പത്രത്തിന്റെ കോഴിക്കോട് എഡിഷനിൽ ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകുകയുണ്ടായി. ലഭിച്ച 3 ക്വട്ടേഷനുകൾ അന്നത്തെ ക്നാനായ കമ്മിറ്റി പരിശോധിക്കുകയും ഏറ്റവും ഉയർന്ന തുക ക്വോട്ട് ചെയ്ത ആൾക്ക് കർശനമായ നിബന്ധനകളോടെ ക്നാനായ കമ്മിറ്റിക്കു വേണ്ടി അന്നത്തെ ട്രസ്റ്റി ആയിരുന്ന ശ്രീ. ജേക്കബ് തോമസ് മറ്റയ്ക്കാട്ട് കരാർ ചെയ്തു. കല്ലുവെട്ടുന്നതിനുള്ള അനുമതി ലഭിക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ കല്ലു വെട്ടുന്നതിന് ആവശ്യമായ എല്ലാ ലൈസൻസുകളും കക്ഷികൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും വാങ്ങണമെന്നും ആദ്യപടിയായി 25 സെന്റ് സ്ഥലം മാത്രം നൽകുമെന്നും വ്യക്തമായ വ്യവസ്ഥകളോടെയാണ് എഗ്രിമെന്റ് തയ്യാറാക്കിയത്. എന്നാൽ ജിയോളജി ഡിപ്പാർട്ട്മെന്റ് പലതവണ ഇൻസ്പെക്ഷൻ നടത്തിയെങ്കിലും കഴിഞ്ഞ 4 വർഷമായിട്ടും സർക്കാരിൽ നിന്നും കല്ലുവെട്ടുന്നതിനുള്ള യാതൊരു അനുമതിയും നാളിതുവരെ ലഭ്യമായിട്ടില്ല. വളരെ വർഷങ്ങൾക്കുമുമ്പ് അന്നത്തെ ഭരണസമിതി കുറച്ചുസ്ഥലത്ത് കല്ലുവെട്ടിയിരുന്നെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം അത് നിന്നുപോവുകയായിരുന്നു. തുടർന്ന് അന്നത്തെ മാനേജിംഗ് കമ്മിറ്റി ഇത് പുനരാരംഭിക്കാൻ ശ്രമിച്ചെങ്കിലും സാങ്കേതികതടസ്സങ്ങൾ കാരണം ഇതുവരെ പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഈ വസ്തുതകൾ മറച്ചുവെച്ച് സമുദായത്തിൽ വലിയ രീതിയിൽ അഴിമതിനടന്നു എന്ന തരത്തിൽ ചില തല്പ്പരകക്ഷികൾ നടത്തുന്ന നുണപ്രചാരണങ്ങൾ മാത്രമാണിതെന്ന് അറിയിക്കുന്നു. സമുദായ നന്മയ്ക്കായി കമ്മിറ്റി എന്ത് പ്രവർത്തനം നടത്തിയാലും അതിനെ എതിർക്കുകയും വ്യാജപ്രചാരണങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു കൂട്ടം ആളുകളുടെ കുപ്രചരണങ്ങളെ സമുദായ അംഗങ്ങൾ തിരിച്ചറിയണമെന്ന് അപേക്ഷിക്കുന്നു. സമുദായസ്നേഹമോ അതോ തകർക്കാനുള്ള നീക്കമോ എന്ന് സ്വയം തിരിച്ചറിയണം ഈ സോഷ്യൽ മീഡിയ പോരാളികൾ. സമുദായത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കുമായി അഹോരാത്രം പ്രയത്നിക്കുന്ന കമ്മിറ്റികളേയും സമുദായ നേതൃത്വത്തെയും അപകീർത്തിപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ട് സോഷ്യൽ മീഡിയയിലൂടെ നടക്കുന്ന വ്യാജപ്രചാരണങ്ങൾ, അടുത്തകാലത്തായി നടക്കുന്നത് കാണാതിരിക്കാനാവില്ല. സമുദായത്തിന്റെ പേരും പറഞ്ഞ് നടത്തുന്ന ഇത്തരം കുപ്രചരണങ്ങൾക്ക് പിന്നിലെ യഥാർത്ഥ അജണ്ട എന്താണെന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കൈതച്ചക്ക കൃഷിയുമായി ബന്ധപ്പെട്ടവിഷയങ്ങൾ,എഡേസാത്തോട്ടം, കുൽപ്പമല, തോട്ടയ്ക്കാട് കോളേജ് നിർമ്മാണം, എന്നിവയെക്കുറിച്ചൊക്കെ യാതൊരു അടിത്തറയുമില്ലാത്ത നുണക്കഥകളാണ് പ്രചരിപ്പിക്കപ്പെടുന്നത്. സ്ഥാപനങ്ങൾ വരുന്നത് സമുദായത്തിന്റെ പുരോഗതിക്കോ കോളേജ് പ്രവർത്തനങ്ങൾക്കോ അല്ലെന്ന രീതിയിൽ വലിയ ദുഷ്പ്രചരണങ്ങളാണ് വ്യാജ ഐഡികളിലൂടെയും അല്ലാതെയും അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നത്. സമുദായത്തോട് ചേർന്നു നിൽക്കുന്നവർ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. ഇത്തരം വ്യാജപ്രചരണങ്ങൾകൊണ്ട് സമുദായത്തിന് എന്തെങ്കിലും നന്മയാണോ ഉണ്ടാകുന്നത്? അതോ തലമുറകളായി പടുത്തുയർത്തിയ ഈ മഹത്തായ സമുദായത്തെ ഇല്ലാതാക്കാനാണോ ഈ ശ്രമങ്ങൾ? ഏറ്റവും വലിയ വൈരുദ്ധ്യം എന്തെന്നാൽ, തങ്ങൾ സമുദായത്തിന്റെയും സമുദായ മെത്രാപ്പോലീത്തായുടെയും കൂടെയാണെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് ചിലർ ഈ വിധ്വംസക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് എന്നതാണ്! സമുദായത്തെയും അതിന്റെ തലവനെയും സ്നേഹിക്കുന്നു എന്ന് പറയുകയും, അതേ സമയം തന്നെ സമുദായ സ്ഥാപനങ്ങളെയും ഭരണസംവിധാനങ്ങളെയും പരസ്യമായി അധിക്ഷേപിച്ച് തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ശുദ്ധ വിരോധാഭാസമല്ലാതെ മറ്റെന്താണ്? ആത്മീയവും ഭൗതികവുമായ പുരോഗതിയിലേക്ക് സമുദായത്തെ നയിക്കുവാൻ ദീർഘ വീക്ഷണത്തോടെ നേതൃത്വം എടുക്കുന്ന തീരുമാനങ്ങളെയും പദ്ധതികളെയും സംശയമുനയിൽ നിർത്തുന്നത് സമുദായ സ്നേഹമല്ല; മറിച്ച് ശത്രുക്കൾക്ക് ആയുധം പകർന്നു നൽകലാണ്. എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങളോ സംശയങ്ങളോ ഉണ്ടെങ്കിൽ അത് മാന്യമായി സമുദായ വേദികളിൽ ഉന്നയിക്കാൻ അവസരമുള്ളപ്പോൾ, പൊതുമധ്യത്തിൽ സമുദായത്തെ നാണം കെടുത്താൻ ശ്രമിക്കുന്നത് സമുദായ നന്മ ലക്ഷ്യമാക്കിയല്ലെന്ന് വ്യക്തമാണ്. വ്യാജ പ്രചരണങ്ങളുടെയും ദുഷിച്ച ചിന്തകളുടെയും പുറകെ പോകാതെ, സമുദായത്തിന്റെ പുരോഗതിക്കായി ഒന്നിച്ച് നിൽക്കേണ്ട സമയമാണിത്. സത്യം തിരിച്ചറിയാനും സമുദായത്തെ തകർക്കാൻ ശ്രമിക്കുന്ന തിന്മയുടെ ശക്തികളെ ഒറ്റപ്പെടുത്താനും ഓരോ സമുദായ അംഗവും മുൻകൈ എടുക്കണം. സമുദായത്തിന്റെ കൂടെയാണെന്ന് നടിക്കുന്ന വ്യാജ പ്രവാചകന്മാരെ തിരിച്ചറിയുക; നമ്മുടെ സ്ഥാപനങ്ങളെയും നേതൃത്വത്തെയും സംരക്ഷിക്കാൻ മുന്നിട്ടിറങ്ങുക. സമുദായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വലിയ വികസന പ്രവർത്തനങ്ങളും പുതിയ പദ്ധതികളുമാണ് നാം ഏറ്റെടുത്ത് നടത്തുന്നത്. എന്നാൽ ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സ്രോതസ്സുകളുടെ പരിമിതി വലിയൊരു വെല്ലുവിളിയായി നമ്മുടെ മുന്നിലുണ്ട്. എന്നിരുന്നാലും. ഒരു രൂപ പോലും കടമെടുക്കാതെയാണ് സമുദായത്തിലെ എല്ലാ പ്രവർത്തനങ്ങളും മുന്നോട്ട് പോകുന്നത് എന്നതിൽ നമുക്ക് ഏവർക്കും അഭിമാനിക്കാം. ബാങ്ക് വായ്പകളോ ഓവർഡ്രാഫ്റ്റ് (Overdeaft) സൗകര്യങ്ങളോ ഉപയോഗിക്കാതെ, സമ്പൂർണ്ണമായി സ്വന്തം നിലയിൽ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്ന ഒരു സമുദായം എന്ന നേട്ടം നമ്മുടെ ചരിത്രത്തിൽ തന്നെ ആദ്യത്തേതാണ്. വായ്പകളില്ല എന്ന ആശ്വാസമുണ്ടെങ്കിലും, സാമ്പത്തിക പരിമിതികൾ മൂലം ചില പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ പ്രയാസം നാം നേരിടുന്നുണ്ട്. തോട്ടയ്ക്കാട് കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നേരിടുന്ന ഏക തടസ്സവും ഇതുതന്നെയാണ്. ബിൽഡിംഗ് ടാക്സ്,

ഫയർ ആൻഡ് റെസ്ക്യൂ ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് ക്ലിയറൻസ്, ലേബർ ടാക്സ് എന്നിവ അടച്ചുതീർക്കുന്നതിനും ക്ലാസ് റൂം-ഓഫീസ് ഫർണിഷിംഗ്, ലൈബ്രറി, ലാബോറട്ടറി സജ്ജീകരണം എന്നിവയ്ക്കുമായി ലക്ഷക്കണക്കിന് രൂപ ഇനിയും ആവശ്യമുണ്ട്. ഈ തടസ്സങ്ങളെല്ലാം തരണം ചെയ്ത് കോളേജിന്റെ പ്രവർത്തനം വേഗത്തിൽ ആരംഭിക്കുന്നതിനും സമുദായത്തിന്റെ ഭാവി പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നതിനും നിങ്ങളുടെ ഏവരുടെയും സഹകരണവും പ്രാർത്ഥനയും പിന്തുണയും പ്രതീക്ഷിക്കുന്നു.

സ്നേഹാദരങ്ങളോടെ
**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ**
(സമുദായ സെക്രട്ടറി)

●

# മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ

## മാർ അപ്രേം സെമിനാരി, ചിങ്ങവനം

## നോട്ടീസ്

മാന്യരെ,

മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ഒരു യോഗം താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് **2026 ഓഗസ്റ്റ് 28, വെള്ളിയാഴ്ച രാവിലെ 10.30 ന്** മാർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ വച്ച് കൂടുന്നതിനു നിശ്ചയിച്ചിരിക്കുകയാണ്. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്

ചിങ്ങവനം



01-08-2026

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
(അസോ. സെക്രട്ടറി)

1. പ്രാർത്ഥന,ധ്യാനം
2. അനുശോചനം
3 നോട്ടീസ് വായന
4. സത്യപ്രതിജ്ഞ
5. ചോദ്യോത്തരങ്ങൾ, പ്രമേയങ്ങൾ
6. 2025-26 സാമ്പത്തികവർഷത്തിലെ സമുദായ വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ, ബാക്കിപത്രം
   - (a) വൈദികശമ്പള നിധി
   - (b) വൈദികക്ഷേമനിധി
   - (c) എഡേസ്സാ തോട്ടം
   - (d) വാഴയിൽ റ്റി. ഏബ്രഹാം മെമ്മോറിയൽ കുല്പമല തോട്ടം
   - (e) ക്നാനായ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വടപുറം
   - (f) ക്നാനായ നേഴ്സറി സ്കൂൾ, ചിങ്ങവനം
   - (g) ക്ലീമ്മീസ് സ്കൂൾ, ചിങ്ങവനം
   - (h) ക്ലീമ്മീസ് സ്കൂൾ ഗവേണിംഗ് ബോർഡ്, ചിങ്ങവനം
   - (i) ക്നാനായദീപം
   - (j) ക്ലീമ്മീസ് പ്രസ്സ്
   - (k) വാഴയിൽ ചാച്ചിക്കുട്ടി ഏബ്രഹാം മെമ്മോറിയൽ ക്നാനായ സെന്റർ, വെളിയനാട്
   - (l) ഫാമിലി ഡയറക്ടറേറ്റ്
   - (m) ക്നാനായ ബുക്ക് സെന്റർ
   - (n) മീഡിയാ സെന്റർ , ചിങ്ങവനം
   - (o) മോർസേവേറിയോസ്എഡ്യൂക്കേഷൻട്രസ്റ്റ്
   - (p) നസ്രേത്ത് കോളേജ് ഓഫ് ഫാർമസി,ഓതറ
   - (q) നസ്രേത്ത് ആശ്രമം, ഓതറ
   - (r) ക്നാനായ വനിതാസമാജം

7. പ്രസിഡന്റ് അനുവദിക്കുന്ന ഇതരവിഷയങ്ങൾ

**കുറിപ്പുകൾ**

1. ഹാജർ പുസ്തകത്തിൽ ഒപ്പു രേഖപ്പെടുത്തിയ ശേഷം മാത്രമേ അസ്സോസിയേഷൻ ഹാളിൽ പ്രവേശിക്കുവാൻ പാടുള്ളൂ.
2. കണക്കുകളെ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ അറിയേണ്ടവർ നിയമാനുസൃതം ചോദ്യങ്ങൾ അയയ്ക്കേണ്ടതാണ്.ചോദ്യങ്ങൾ ലഭിക്കേണ്ട അവസാനതീയതി 2026 ഓഗസ്റ്റ് 18-ാം തീയതി 5 പി.എം. വരെയാണ്.
3. എല്ലാ എഴുത്തുകുത്തുകളും അസ്സോ. സെക്രട്ടറി, മാർ അപ്രേം സെമിനാരി, ചിങ്ങവനം - 686 531 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.
4. വിദേശരാജ്യങ്ങളിൽ ഉള്ളതും അസ്സോസിയേഷൻ യോഗത്തിൽ വന്ന് സത്യപ്രതിജ്ഞ ചെയ്തതുമായ അംഗങ്ങൾക്ക് ഓൺലൈനിൽ കൂടി അസ്സോസിയേഷൻ മീറ്റിംഗിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.
5. അസ്സോസിയേഷൻ അംഗങ്ങൾക്ക് നൽകിയിരിക്കുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ധരിച്ചുകൊണ്ടുവേണം യോഗത്തിൽ പങ്കെടുക്കുവാൻ



ക്നാനായ കോൺഗ്രസ് റാന്നി മേഖലയുടെ ആഭിമുഖ്യത്തിൽ പണിയുന്ന സ്വപ്നഭവനത്തിന്റെ ഉദ്ഘാടനം റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ റാന്നി എം.എൽ.എ. ശ്രീ. പഴകുളം മധു ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സമീപം.



ക്നാനായ സൺഡേസ്കൂൾ സമാജം സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട **ഫാ. ഷൈനോ മർക്കോസ് കൊച്ചുമംഗര**



ക്നാനായ വനിതാസമാജം ചിങ്ങവനം മേഖലാ വനിതാ സംഗമം നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളിയിൽ **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്** ഉദ്ഘാടനം ചെയ്യുന്നു.



ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തയോടൊപ്പം വാഷിംഗ്ടൺ ഡി.സി.യിലെ വൈറ്റ് ഹൗസിലെ യു.എസ്. ഗവൺമെന്റ് സീനിയർ എക്സിക്യൂട്ടീവ് സർവീസ് (SES) അംഗമായ റവ. ഫാ. അലക്സാണ്ടർ ജെ. കുര്യൻ, ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ പ്രതിനിധിയും കൗൺസിലറുമായ എൽദോസ് പുന്നൂസ് ഐ.എഫ്.എസ് (IFS), സമുദായ സെക്രട്ടറി റ്റി. ഓ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, കമ്മിറ്റി അംഗം റ്റിജു ഏബ്രഹാം തോട്ടപ്പുറത്ത്, NAMKC പ്രസിഡന്റ് ജിജി ഇടവഴിക്കൽ, സെക്രട്ടറി അജയ് വാഴയ്ക്കൽ, ട്രസ്റ്റി മിനു എരണിക്കൽ എന്നിവർ സമീപം.

# നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റി (NAMKC) മഹാസംഗമം



NAMKC യുടെ സംഗമത്തിന് അമേരിക്കയിൽ എത്തിയ ക്നാനായ സമുദായ മെത്രാപ്പോലീത്തയെയും, സമുദായ സെക്രട്ടറിയെയും ചിറത്തലക്കൽ അച്ചന്റെയും, എൽദോസ് പുന്നൂസ് IFS ന്റെയും നേതൃത്വത്തിൽ വിശ്വാസികൾ ന്യൂയോർക്ക് JFK എയർപോർട്ടിൽ സ്വീകരിക്കുന്നു



നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റിയുടെ (NAMKC) മഹാസംഗമം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.




നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റിയുടെ (NAMKC) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമത്തിന്റെ സമാപന സമ്മേളനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.














St Mary's Knanaya Church, Sharjah, UAE.
Managing Committee 2026-2028
Liju Chacko Anchanjilimoottil Secretary
Rev. Fr. Jijy Punnoose Puthenpurackal Vicar & President
Binu Abraham Naduvileparampil Trustee
Mathew Abraham Punnathanam Vice President
Shone Jacob Valiyamannil Joint Secretary
Shibu Skariah Maliyakal Joint Trustee
Sony Mathew Thekkumthara
Jojit Kuriakose Kuttimankal
Santhosh P Kuriyakose Pampanathu
Mathew Abraham Maruthra
Tone Joseph Kalarithara
Shoby Philip Velamkadavil (FUJ)
Jerin Mathew Kunnumpurath (RAK)
Benny Mathai Chengalilpallathu (Ex Official)
Jobey Zacharia Mattackal House (Ex Official)
Sanju Thomas Arackal (Auditor)

Advt - O



50th Wedding Anniversary
22 August 2026

**K.K. Abraham**
**&**
**Mariamma Abraham**
Kallelil House, Kattodu

*With Lots of Love & Prayers*
Akku Abraham
Seema
Ewan, Eryn
Anju Jos
Kuriakos Jos
Naitho, Mariam, Yeldo, Elias

Advt - O

## വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽപെട്ട മേലയിൽ തോമസ് എം. സ്കറിയ (ഷാജി) യുടെയും ശോഭ തോമസിന്റെയും മകൻ **Abin M. Thomas**-ഉം രാമമംഗലം സെന്റ് ജേക്കബ്സ് പള്ളി ഇടവകയിൽപെട്ട കുഴിമറ്റത്തിൽ കെ.കെ. തമ്പിയുടെയും അജിമോൾ ജോസഫിന്റെയും മകൾ **Anu Thampi** യും തമ്മിലുള്ള വിവാഹം 20-06-2026-ൽ കല്ലിശ്ശേരിക്നാനായ വലിയ പള്ളിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -S

# St. Peters Knanaya Church Kuwait
## Managing Committee 2026-27

Vicar



**Fr. Sherin Chacko**
Kollamparampil

Trustee



**Abey Thomas**
Kuruppanparambil

Secretary



**Prince Abraham**
Chittedathu



**Saji Punnoose**
Ampalappattu



**Sinu Cherian**
Murickolipuzha



**Jomon Jacob**
Naduvileparambil



**Jeril Skariah**
Anjilimoottil



**Rojish Skariah**
Mathuramkottu



**Tijo Joseph Abraham**
Velamepurathu



**Renju Mathew**
Pathiruvelil



**Anish Kuriakose**
Kshetheragiri
(Kokkaravalayil)



**Tiji Mathew**
Melekuttu



**Deepu Joseph**
Karikkara



**Sanoj Pambanath**
Kuriakose
Pampanathu



**Monu Abraham Joseph**
Velampurathu

### Auditor's



**Tiby Mathew**
Melekuttu



**Thomas Punnoose**
Alamutthathu



**Mathew Jacob**
Puthiyamadam

Advt -O


40th Wedding Anniversary
17/08/1986
Mr. Kuriakose Thumbunkal Mathew
&
Mrs.Gige Kuriakose
Thumbunkal House,
Trivandrum
"For the Lord is good, and his faithful love endures forever; his faithfulness continues through all generations" Psalm 100:5
Happy Anniversary
Pappa & Mummy
Aju & Priya Thumbunkal
Aswin & Shilma Thumbunkal
Grandkids:
Luke, Ahaana & Jake

Advt - O


KNANAYA WEDDINGS.COM
ക്നാനായ വെഡ്ഡിംഗ്സ്
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt - O


ST MARK'S KNANAYA CHURCH
HAMPSHIRE, BASINGSTOKE, UNITED KINGDOM
MANAGING COMMITTEE 2026 - 2028
Rev. Fr. MATHEWS ABRAHAM
Vicar - President
BENSON MATHEW
TRUSTEE
Elayaseril
St. Marys Jerusalem Knanaya Church, Kuttoor
JANSON T JACOB
SECRETARY
EKC MEMBER
Thundiyil
Mar Ignatious Church, Kurichy
ABYMON JACOB
JOINT TRUSTEE
Nochumannil House
St. George Knanaya Church, Ozhuvanpara, Ranni
JAISON T JACOB
COMMITTEE MEMBER
ASSOCIATION MEMBER
Thundiyil
Mar Ignatious Church, Kurichy
JIBU JAMES
COMMITTEE MEMBER
Pallickal House
St. Thomas Valiyapally, Ranni
JOMON ABRAHAM
COMMITTEE MEMBER
ASSOCIATION MEMBER
EKC EXECUTIVE MEMBER
Elampurayidathil House
St. Thomas Valiyapally, Ranni
AJITH MATHEW SABU
COMMITTEE MEMBER
Kulathankal House
St. Mary's Knanaya Church, Velloothuruthy
TONY KUNNEL
COMMITTEE MEMBER
Kunnel House
St. John's Knanaya Church (Puthenpally)
JACKSON JESTIN
COMMITTEE MEMBER
Konnickal House
St. John's Knanaya Church Thuruthicad
HARRIS JIM
COMMITTEE MEMBER
Vattapuravidathil
St. Thomas Valiyapally, Ranni
HONEY KURIAKOSE
COMMITTEE MEMBER
Thoppil House
BLESSAN MATHEW
AUDITOR
Ottaplackal House
St. Thomas Kunishupally, Edakulam, Ranni
JITTU SAJI
EKC MEMBER
Pulinikumperampil
St. Marys Jerusalem Knanaya Church, Kuttoor
Dr SCHIBIN THAMPY
KYA & SAFEGUARDING MENTOR
Mundakapaadam
St. Mary's Knanaya Valiyapally, Kottayam
JESNA JOMON
KYA LEAD
Elampurayidathil House
St. Thomas Valiyapally, Ranni
ARPITA ABY JACKSON
KYA LEAD
Konnickal House
St. John's Knanaya Church Thuruthicad
JAYAMOLE ABY
Joint Secretary, Vanitha Samajam
Nochumannil House
ST George Knanaya Church
Ozhuvanpara Ranni
NISHA HARRIS
Secretary, Vanitha Samajam
St. Thomas Valiyapally, Ranni
ASHA MANOJ
Anayattil House
St Mary's Church
Kallissery
LEENA MANOJ
St George Knanaya Church
Mutakkamthuruthy

Advt - O

## വിവാഹിതരായി



വെച്ചൂച്ചിറ കർക്കടകം പള്ളിൽ റവ. ഫാ. മോനായി കെ. ഫിലിപ്പിന്റെയും അനിത ഏബ്രഹാമിന്റെയും മകൻ **ആശിഷ് ഫിലിപ്പ് മോനായി**യും വെച്ചൂച്ചിറ മംഗലത്ത് സണ്ണി തോമസിന്റെയും പരേതയായ ലിബി സണ്ണിയുടെയും മകൾ **പവിത്ര സണ്ണിയും** തമ്മിലുള്ള വിവാഹം 06-06-2026 ൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ, അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

## ആസ്ട്രോഫിസിക്സിൽ പി.എച്ച്.ഡി. നേടി



യു.കെ.യിലെ ബെൽഫാസ്റ്റ് ക്വീൻസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ആർമാ ഒബ്സർവേറ്ററിയുടെയും പ്ലാനറ്റേറിയത്തിന്റെയും സഹകരണത്തോടെ ആസ്ട്രോഫിസിക്സിൽ ഡോക്ടറേറ്റ് (Ph.D) **ആശിഷ് ഫിലിപ്പ് മോനായി** കരസ്ഥമാക്കി. കർക്കടകംപള്ളിൽ റവ. ഫാ. മോനായി കെ. ഫിലിപ്പിന്റെയും അനിത ഏബ്രഹാമിന്റെയും മകനാണ്. ഭാര്യ: വെച്ചൂച്ചിറ മംഗലത്ത് സണ്ണിയുടെയും പരേതയായ ലിബിയുടെയും മകളായ പവിത്ര സണ്ണി.

Advt - O





സുനിൽ ഡി. കുരുവിള

# നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കർശന നിർദ്ദേശം എന്ന നിലയിൽ ഒരു വാർത്ത കണ്ടു. "കുട്ടികളെക്കൊണ്ട് സ്കൂളിലെ പരിപാടികളിൽ ചോറ് വിളമ്പിക്കുകയൊന്നും ചെയ്യരുത്."

ഒരു പക്ഷേ ഈ ലേഖനം എഴുതാൻ പ്രേരണയായതും ഇത് തന്നെ! വിദ്യാഭ്യാസത്തിൽ മാറ്റങ്ങൾ വേണം... മാറ്റങ്ങൾ കുട്ടികളെ വളർത്തുന്നതും ശക്തിപ്പെടുത്തുന്നതുമാകണം. എങ്കിൽ ഓരോ നിയമങ്ങളും തീരുമാനങ്ങളും വളരെ ഗൗരവത്തോടെ രൂപപ്പെടുത്തേണ്ടതുണ്ട്.

കുട്ടികൾ വല്ലപ്പോഴും ചോറും വിളമ്പട്ടെ.. രണ്ട് കസേര പെറുക്കി ഇടാനും വെള്ളം ഒഴിച്ച് കൊടുക്കാനും ഒക്കെ പഠിക്കട്ടെ! സ്കൂളും പരിസരവും വൃത്തിയാക്കാനും വർഷത്തിൽ ഒന്നോ രണ്ടോ ദിവസം അവസരം നൽകാം. ഇതും കൂടിയാണ് വിദ്യാഭ്യാസം. ഒന്നിനും കൊള്ളാത്ത 'ബ്രോയിലർ' ചിക്കനാക്കി കുട്ടികളെ മാറ്റരുത്. ഓരോ പ്രദേശത്തെയും അദ്ധ്യാപകർക്ക് ഉചിതമെന്ന് തോന്നുന്ന കാര്യങ്ങൾ ഉത്തരവാദിത്വത്തോടെ അവർ കുട്ടികളെക്കൊണ്ട് വല്ലപ്പോഴും ഒക്കെ ചെയ്യിക്കട്ടെ. ഇവിടെയൊക്കെ നിലവാരം കുറഞ്ഞ ഉത്തരവുകൾ ഇറക്കി സർക്കാർ അപഹാസ്യരാകാതിരിക്കുന്നതാണ് ബുദ്ധി.

ജോലിയുടെ മഹത്വവും അധ്യാപനത്തിന്റെ മഹിമയും ഒക്കെ കുട്ടികൾ സ്കൂൾ കാലത്തുതന്നെ തിരിച്ചറിയേണ്ടതുണ്ട്.

വൈറ്റ് കോളർ ജോബിന്റെ കാലം ഒക്കെ കഴിഞ്ഞു. ഇനി നേട്ടം കൊയ്യുന്നത് തൊഴിൽ പഠിച്ചവനും നൈപുണ്യങ്ങൾ വികസിച്ചവനും ഉയർന്ന മനോഭാവമുള്ളവരുമായിരിക്കും.

കുട്ടികളെ പഴവും പ്ലാസ്റ്റിക്കുമാക്കി മാറ്റുന്നതിൽ പുതിയ കാലത്തെ നിയമങ്ങൾക്കും വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത സൈക്കോളജിക്കും വലിയ പങ്കുണ്ട്. ഒരു ജോലിയും ചെയ്യിക്കാതെ ഒരു പ്രശ്നവും നേരിടാൻ വിടാതെ തിരുത്താതെ ക്രമീകരിക്കാതെ വളർത്തപ്പെടുന്ന കുട്ടികൾ വെറും ബ്രോയിലർ ആയി പോകും. കുട്ടികളുടെ അവകാശങ്ങൾ മാത്രം project ചെയ്യുന്ന നിയമങ്ങൾ ബാലിശമാണ്. കുട്ടികളെ പ്രായത്തിനനുസരിച്ച് അവരുടെ കടമകളും ഉത്തരവാദിത്വവും കൂടി പഠിപ്പിക്കേണ്ടതുണ്ട്. അങ്ങനെയാണ് മികച്ച രാജ്യങ്ങളൊക്കെ കുട്ടികളെ രൂപപ്പെടുത്തുന്നത്.

എന്തുകൊണ്ട് കളിയും കലയും സാംസ്കാരിക പ്രവർത്തനവും സാമൂഹിക വളർച്ചയും ഒന്നും കുട്ടികളുടെ അവകാശമായി കാണുന്നില്ല... ഫാക്ടറിയിൽ രൂപപ്പെടുത്തുന്നത് മാത്രമാണോ വിദ്യാഭ്യാസം? വിദ്യാഭ്യാസത്തിൽ കുട്ടികളുടെ സമഗ്രവ്യക്തിത്വ വികസനം ഉറപ്പാക്കാത്ത നിയമങ്ങൾക്ക്/പരിഷ്കാരങ്ങൾക്ക് എന്ത് പ്രയോജനം?

"Education is not preparation for life; education is life itself".

മാതാപിതാക്കളിൽ കാലോചിതമായ മാറ്റം വരുത്താതെ കുട്ടികളെ നേരെയാക്കാം എന്ന് ചിന്തിക്കുന്ന തൊലിപ്പുറത്തെ സൈക്കോളജിയാണ് മറ്റൊരു ദുരന്തം. ഓരോ നാടിനും കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് എന്തും പരുവപ്പെടുത്തേണ്ടതുണ്ട്.

Pampering അല്ല കുട്ടികൾക്ക് വേണ്ടത് മികച്ച പേരന്റിംഗ് ആണ്. ചെറിയ പ്രായം മുതലേ ഒരു ശക്തനായ വ്യക്തിയെ



രൂപപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. ചന്തയുടെ സമ്മർദ്ദമാണ് മറ്റൊന്ന്. മത്സര പരീക്ഷയ്ക്കുവേണ്ടി മാത്രം 'പരുവപ്പെടുത്തി' എടുക്കുന്ന കുട്ടികൾ. കോടികളുടെ ബിസിനസ്സ് ആണ് നടക്കുന്നത്. സമഗ്രമായി വളർത്തി അവരുടെ കഴിവും സാധ്യതകളും ഉയർത്തുന്നതിനുപകരം തുടക്കത്തിലേ അവരെ തരം തിരിക്കാനും താരതമ്യം ചെയ്യാനുമാണ് ശ്രമം. കോച്ചിംഗും ട്യൂഷനും ഒക്കെ കുട്ടികളെ മിക്കപ്പോഴും കൂടുതൽ തളർത്തുകയാണ്!

പൊതുവിദ്യാഭ്യാസത്തിന്റെ ശാപം നാലാംകിട രാഷ്ട്രീയമാണ്. യൂണിയന്റെ താൽപര്യങ്ങളാണ് വിദ്യാഭ്യാസത്തിന്റെ പേരിൽ കെട്ടിയിറക്കുന്നത്. കുട്ടികൾക്ക് പ്രയോജനമുള്ള എന്ത് പരിഷ്കാരങ്ങളാണ് വിദ്യാഭ്യാസത്തിൽ നടപ്പാക്കുന്നത്? കുഴപ്പക്കാരായ അദ്ധ്യാപകരുടെ സംരക്ഷണമാണ് പ്രധാന അജണ്ട. പലപ്പോഴും നല്ല അദ്ധ്യാപകർ ബലിയാക്കപ്പെടുന്നുമുണ്ട്. വാരിക്കോരി മാർക്കിട്ടുകൊടുത്തും അച്ചടക്കം ബലികഴിച്ചും പൊതു വിദ്യാഭ്യാസം ഒരു പരുവമാക്കി

അദ്ധ്യാപകരുടെ പരിശീലനമാണ് ഏറ്റവും മുൻഗണന വേണ്ട ഒരു വിഷയം. അദ്ധ്യാപകരെ child centered ആക്കുക എന്നതാണ് ഈ കാലഘട്ടം ഏറ്റവും ആവശ്യപ്പെടുന്നത്. കുട്ടികളെ മനസ്സിലാക്കാതെ കുട്ടികളെ പഠിപ്പിക്കാനോ രൂപാന്തരപ്പെടുത്താനോ സാധിക്കില്ല. കുട്ടികളെ respect ചെയ്യാൻ എത്ര അദ്ധ്യാപകർക്ക് ഇന്ന് സാധിക്കുന്നുണ്ട്? അവരുമായി emotionally connect ചെയ്യാൻ കഴിയുന്നുണ്ടോ? അവരെ judge ചെയ്യാതെ താരതമ്യം ചെയ്യാതെ ചേർത്തു പിടിക്കാൻ കഴിയണമെങ്കിൽ അദ്ധ്യാപകർ വൈകാരികമായി വളരെ ഉയർന്നു നിൽക്കേണ്ടതുണ്ട്. അദ്ധ്യാപകരുടെ മാനസിക ആരോഗ്യം, സാമൂഹിക കാഴ്ചപ്പാട് ഒക്കെ വളരെ പ്രധാനമാണ്. ഈ കാര്യത്തിൽ വെറും ഒരു 'തൊഴിലാളി' മനോഭാവത്തിൽ നിന്ന് ഒരു ദൗത്യബോധത്തിലേക്ക് അദ്ധ്യാപകർ ഉയർന്നേ മതിയാകൂ!

True education is the harmonious development of the mind, body, and spirit. Far beyond rote memorization or mere vocational training, it is a lifelong pursuit that cultivates critical thinking, moral character, and empathy."

മാതാപിതാക്കളെ ഒരുക്കുന്നതും ഇന്ന് വിദ്യാഭ്യാസം ഏറ്റെടുക്കേണ്ട പ്രധാനപ്പെട്ട കടമയാണ്. പേരന്റ്സിനെ ഒരുക്കാതെ കുട്ടികളെ പഠിപ്പിക്കുക എളുപ്പമല്ല. മികച്ച പരിശീലനം കുട്ടികളുടെ ചെറിയ ക്ലാസ്സുമുതൽ പേരന്റ്സിന് ലഭിച്ചാൽ അത് കുട്ടികളുടെ നിലവാരത്തെ ഉയർത്തും. കുട്ടികളുടെ അച്ചടക്കം, മൂല്യബോധം, ആരോഗ്യം, സ്വഭാവം, കാഴ്ചപ്പാട്, മാനസിക വൈകാരിക വളർച്ച എല്ലാം പേരന്റിംഗുമായി വലിയ തോതിൽ കടപ്പെട്ടിരിക്കുന്നു. മാതാപിതാക്കൾ കുട്ടികൾക്ക് നൽകുന്ന ക്വാളിറ്റി സമയമാണ് ഇതിൽ ഏറ്റവും പ്രധാനം. ഞാൻ കണ്ടിട്ടുള്ള ഏറ്റവും സന്തോഷമുള്ള കുട്ടികൾക്കെല്ലാം അവരെ മനസ്സിലാക്കുന്ന, കേൾക്കുന്ന, ക്ഷമയുള്ള ഒരു പേരെന്റ് എങ്കിലും ഉണ്ട്. ഈ കാര്യത്തിൽ സമഗ്രമായ ഒരു പരിശീലന പരിപാടി സ്കൂളുകൾ രൂപപ്പെടുത്തുകയും അതിൽ പേരന്റ്സിന്റെ attendence ഉറപ്പു വരുത്തുകയും വേണം.

കുട്ടികൾക്കും മികച്ച ഗൈഡൻസും & കൗൺസിലിംഗും ഉറപ്പാക്കണം. ടീനേജിന്റെ തുടക്കം മുതൽ കുട്ടികൾക്ക് മികച്ച മാർഗ്ഗനിർദ്ദേശങ്ങൾ- പരിശീലനം എന്നിവ നൽകാൻ പദ്ധതികൾ വേണം. അത് കൃത്യമായ സമയത്തും ഇടവേളകളിലും നിരന്തരമായി കുട്ടികൾക്ക് ലഭിക്കാൻ അവസരമൊരുക്കണം.

ആരെയെങ്കിലും വിളിച്ച് നടത്തുന്ന 'ചട്ടപ്പടി' പരിപാടികളല്ല വേണ്ടത്... ഏറ്റവും മികച്ചത് തന്നെ ഉറപ്പാക്കണം. ഇന്ന് വിതയ്ക്കുന്നതാണ് നാളെ കൊയ്യുന്നത്. കഴിഞ്ഞ മുപ്പത് വർഷമായി കുട്ടികളെ 'പറ്റിച്ചതിന്റെ' ഫലമാണ് ഇന്ന് കാണുന്ന സാമൂഹിക ദാരിദ്യം! ഇന്ന് മലയാളി സമൂഹം ഏറ്റവും കൂടുതൽ രോഗാതുരമായിരിക്കുന്ന ഒരു മേഖലയാണ് ഉന്നത വിദ്യാഭ്യാസം. ഒരു പക്ഷേ മലയാളി ഏറ്റവും കൂടുതൽ പറ്റിക്കപ്പെടുന്നതും ഈ മേഖലയിലാണ്. എല്ലാവരെയും ഡോക്ടറും എഞ്ചിനീയറും ആക്കാൻ ഇറങ്ങിത്തിരിച്ച് നാടുമുഴുവൻ എം.ഡി.എം.എ. യും രോഗികളെയും കൊണ്ട് നിറച്ചു. തൊഴിലില്ലായ്മ മറ്റൊന്ന്. വിവാഹ പ്രശ്നങ്ങളിലെയും ഒരു വില്ലൻ ചെറുപ്പക്കാരിലെ നിരാശയും ആത്മവിശ്വാസക്കുറവുമാണ്...

ഒൻപതാം ക്ലാസുമുതൽ കുട്ടികൾക്കും അവരുടെ പേരന്റ്സിനും മികച്ച കരിയർ ഗൈഡൻസ് ഉറപ്പാക്കണം. നിലവാരമുള്ള തലമുറയെ ആഗ്രഹിക്കുന്ന എല്ലാവരും ഇതിലേക്കാണ് നിക്ഷേപിക്കേണ്ടത്.

മികച്ച കരിയർ ഗൈഡൻസ് അവരെ ഒന്നും ആക്കാനല്ല ശ്രമിക്കുന്നത് അവരെ സ്വയം കണ്ടെത്താനാണ് സഹായിക്കുന്നത്! കരിയർ ഗൈഡൻസ് ഏറ്റവും അർത്ഥവത്തായ nation buiding പ്രവർത്തനം തന്നെയാണ്. അവനവന്റെ സമൂഹത്തിനുവേണ്ടി ജീവിത സായാഹ്നത്തിൽ നമുക്ക് നൽകാവുന്ന വലിയ donation ഉം മറ്റൊന്നല്ല!

നേതൃത്വത്തെ ഈ കാര്യങ്ങളിൽ sensitise ചെയ്യുകയെന്നതാണ് ഏറ്റവും ശ്രമകരമായ കാര്യം. 'ചട്ടപ്പടി' പരിപാടികളിലും 'മരാമത്ത്' പണികളിലും കുടുങ്ങിക്കിടക്കുന്ന സാമൂഹിക നേതൃത്വത്തെ ഉയർത്തിയാലേ അർത്ഥവത്തായ മാറ്റങ്ങൾ ഉണ്ടാക്കാനും അത് നിലനിർത്താനും കഴിയുകയുള്ളു.

കുട്ടികൾ ശരിയല്ല... സമൂഹം ശരിയല്ല...

അവരെല്ലാം വിദേശത്തേക്ക് ഓടുകയാണ്.. കേരളം വൃദ്ധസദനം ആകുന്നു എന്നൊക്കെ നിലവിളിച്ചിട്ട് എന്ത് കാര്യം. അവർക്കുവേണ്ടി നമ്മൾ എന്ത് ചെയ്തു? ഭവന അന്തരീക്ഷം, വിദ്യാഭ്യാസം, സമൂഹം ഒക്കെ കുറെക്കൂടി child centered ആകേണ്ടതുണ്ട്... അവരെ കരുതുകയും develop ചെയ്യുകയും ചെയ്യുന്ന ഒരു സംസ്കാരമാണ് രൂപപ്പെടേണ്ടത്.

Never doubt that a small group of thoughtful, committed citizens can change the world; indeed. it's the only thing that ever has''.

ഇപ്പോൾ അല്ലെങ്കിൽ ഇനി എപ്പോൾ???

**സുനിൽ ഡി. കുരുവിള**

കരിയർ കൗൺസിലറും മാനവശേഷി വികസന പരിശീലകനുമാണ്.ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ. 28 വർഷങ്ങൾ കൊണ്ട് 4200- ലധികം കൗൺസിലിംഗ്/ പരിശീലന പ്രോഗ്രാമുകൾ നയിച്ചു.

Cell: +91 9656144712/ +91 9847400712

YouTube: Sunil Kuruvilla

എണ്ണൂറിലധികം മികച്ച വീഡിയോസ് യുട്യൂബിൽ കാണാം

ഇമെയിൽ sunil_kuruvilla@rediffmail.com

www.insightmission.org.in)

# മൃത്യു ലോകത്തിൽനിന്ന് പരലോകത്തിലേക്ക്

**സണ്ണി ജേക്കബ്, കാട്ടുവേലിൽ**

ഓരോ വർഷവും ജന്മദിനം ആഘോഷിക്കുമ്പോൾ ഈ ലോകത്തിൽ ആരംഭിച്ച എന്റെ ജീവിതത്തിന്റെ സമയവും അതിന്റെ കൂടെ എത്ര ദിവസം കൂടെ കൂട്ടിച്ചേർക്കപ്പെട്ടു എന്നും ഓർമ്മിപ്പിക്കുന്നു. ഈ നിമിഷത്തെ വർത്തമാനകാലത്തെക്കുറിച്ചും ഈ നിമിഷം വരെയുള്ള ഭൂതകാലത്തെയും കുറിച്ചുള്ള അറിവ് എനിക്കുണ്ട്. എന്നാൽ അടുത്ത നിമിഷത്തെ എന്റെ ഭാവികാലത്തെക്കുറിച്ചുള്ളതൊന്നും അത് എപ്രകാരം ആയിരിക്കും എന്ന് ഒരിക്കലും പറയുവാൻ സാധിക്കയില്ല. അതായത് എനിക്ക് ഒരു മരണം ഉണ്ട് എന്നത് സുനിശ്ചിതം ആണ്. എന്നാൽ അത് എപ്പോൾ എന്നത് എനിക്ക് അനിശ്ചിതം ആണ്. ഒരു ജീവൻ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതു മുതൽ അവന്റെ മരണവും അവന്റെ ഒപ്പം ഉണ്ടാകും. എന്നാൽ അതിന്റെ അനിശ്ചിതത്വം മാത്രമേ അവന്റെ മുമ്പിൽ ഉള്ളു. സുനിശ്ചിതമായ മരണത്തിനുശേഷം എന്ത് എന്ന ചോദ്യത്തിന് ഉത്തരം ഒരു ക്രിസ്തുമത വിശ്വാസത്തിൽ ഞാൻ പറയുമ്പോൾ: ഭൂമിയിൽ ആരംഭിച്ചു സൃഷ്ടാവിനോടൊപ്പം (സ്വർഗ്ഗത്തിൽ) തുടരുന്ന നിത്യജീവിതം ആകുന്നു. എനിക്ക് മരണം സംഭവിച്ചു കഴിഞ്ഞാൽ എല്ലാം കഴിയുന്നുവോ? എന്റെ നിത്യജീവിതം എന്നത് എങ്ങനെ? ഇതിന് ഉത്തരം കണ്ടുപിടിക്കലാണ് എന്റെ ഈ ഭൂമിയിലെ ജീവിത ലക്ഷ്യം.

എനിക്ക് മരണം ഉണ്ട് എന്നതിന് സുനിശ്ചിതം ആകുന്നത് എന്റെ ശരീരം നാശം ഉള്ളത് എന്ന അറിവ് ആണ്. ഈ നാശമുള്ള ശരീരത്തോട് ചേർന്ന് പ്രവർത്തിക്കുന്ന മനസ്സ്; ശരീരത്തിലെ ഇന്ദ്രിയങ്ങളുടെ പ്രവർത്തനവും, പ്രകൃതിയെക്കുറിച്ചുള്ള അറിവ് സമ്പാദിക്കുകയും ചെയ്യുന്നു. എന്റെ ശരീര മനസ്സുകളുടെ നിലനിൽപ്പിന് ആധാരമായ ഉണ്മ ആണ് ഈ ശരീര മനസ്സുകൾക്കൊപ്പം ചേർന്ന് വസിക്കുന്ന ആത്മാവ്. ഈ ആത്മാവാണ് യഥാർത്ഥമായ ഞാൻ, എന്റെ ശരീരത്തിന്റെ നാശത്തിലും ആത്മാവ് അനശ്വരം ആയിരിക്കും; എന്തുകൊണ്ടെന്നാൽ ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവായ ദൈവത്തിന്റെ അംശം ആണ് എന്നിൽ പ്രവർത്തിക്കുന്ന ആത്മാവ്. "ഉല്പ്പത്തി രണ്ടാം അദ്ധ്യായം ഏഴാം വാക്യം യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." മനുഷ്യൻ ഇല്ലാതെ ദൈവത്തിന്റെ ലോകസൃഷ്ടി പൂർത്തിയാകുന്നില്ല. അതാണ് മനുഷ്യന്റെയും ദൈവത്തിന്റെയും വേർപിരിയാനാവാത്ത ബന്ധം. മനുഷ്യന് ബോധവും വ്യക്തിത്വവും നൽകുന്ന ശരീര മനസ്സുകളോടു ചേർന്നുള്ള അഭൗതികമായ, അദൃശ്യമായ ഉണ്മയാണ് ആത്മാവ്. ആത്മാവിന്റെ പൂർണ്ണതയാണ് ദൈവം. അപ്പോൾ ഞാൻ ഈ നാശമുള്ള ശരീരം അല്ല, ആത്മാവ് ആണ്. ആത്മാവ് സ്വയമായി ഒരു രൂപമോ, ഭാവമോ, സാദൃശ്യമോ ഇല്ലാത്ത അരൂപി ആണ്; ശാസ്ത്രീയമായി തെളിയിക്കുന്നതിനും സാദ്ധ്യമല്ല. എനിക്ക് എന്റെ അനുഭവത്തിൽ എന്നിലെ ആത്മാവിനെ; വിശ്വസിക്കുന്നു എങ്കിൽ തിരിച്ചറിയുവാൻ സാധിക്കും. ഈ ആത്മാവിന്റെ നിത്യതയാണ് എന്റെ ഈ ജീവിതത്തിലെ പ്രവൃത്തിയുടെ പ്രതിഫലമായി, ശരീര മനസ്സുകളുടെ നാശത്തിനു ശേഷം എനിക്ക് ലഭ്യമാകുന്നത്. ആത്മാവിന്റെ നിത്യജീവിതത്തിൽ ഭൗതിക ജീവിതത്തിന്റെ കഷ്ടതകൾ ഉണ്ടാകുന്നില്ല.

ഭൗതികമായ കാര്യങ്ങൾക്കപ്പുറം, പ്രപഞ്ചവുമായോ ഒരു പരമശക്തിയുമായോ ഉള്ള ആന്തരികമായ ബന്ധം അനുഭവിക്കലാണ് ആത്മീയത. ആത്മീയതയുടെ അനുഭവത്തിന് ഏതെങ്കിലും പ്രത്യേക ചട്ടക്കൂടുകളോ, ആചാരങ്ങളോ ആവശ്യം ഇല്ല. ഒരു വ്യക്തിക്ക് മതപരമായ വിശ്വാസങ്ങൾ ഇല്ലാതെയും ആത്മീയമായ ചിന്തകളും ജീവിത രീതികളും പുലർത്താൻ സാധിക്കും. പ്രപഞ്ചത്തിന്റെ സൃഷ്ടാവും പരിപാലകനും സർവ്വശക്തനും പരമോന്നതനുമായ അസ്തിത്വത്തെയാണ് പൊതുവെ ദൈവം എന്ന് വിളിക്കുന്നത്. സകല ധാർമ്മികതയുടെയും ഉത്തരവാദിയും, പരമാനന്ദവും, ആത്മീയ പൂർണ്ണതയും ആയവൻ ദൈവം. വിശ്വാസപ്രകാരം ആദിയോ അന്ത്യമോ ഇല്ലാത്ത നന്മയുടെയും കാരുണ്യത്തിന്റെയും പ്രകാശമായി ദൈവം കണക്കാക്കപ്പെടുന്നു. മനസ്സിൽ വരുന്ന ചിന്തയിൽ രൂപവും ഭാവവും ഉണ്ടാകും. എന്നാൽ ദൈവീക ചിന്തയിൽ രൂപവും ഭാവവും ഉണ്ടാകില്ല, വിഷയം മാത്രമേ ഉണ്ടാകുകയുള്ളു. ആത്മീയതയിൽ ഒരു വ്യക്തിയുടെ ധാർമ്മിക ബോധം ഉയരും. എന്തുകൊണ്ടെന്നാൽ, ഞാൻ അഭൗതികൻ എന്ന ചിന്ത ഭൗതിക ലോകത്തിന്റെ ആസക്തിയിൽ നിന്നും മനസ്സിനെ മുക്തമാക്കുന്നു എന്നതു കൊണ്ട് തന്നെ.

ദൈവത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളെയും, ആത്മീയതയെയും ഒരു സംഘടിത രൂപത്തിൽ പിന്തുടരുന്നതിനെയാണ് മതം എന്ന് വിളിക്കുന്നത് പ്രാർത്ഥനകൾ, അനുഷ്ഠാനങ്ങൾ, ആത്മീയ നിയമങ്ങൾ, വിശുദ്ധ ഗ്രന്ഥങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. വ്യക്തിയെ ആത്മീയതയിലേക്ക് നയിക്കുന്ന ഒരു മാധ്യമമായി മതം പ്രവർത്തിക്കുന്നു. മതത്തിന് നിയമങ്ങളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും ഉണ്ട്. മതം മനുഷ്യരെ പരസ്പരം ബന്ധിപ്പിക്കുവാനും, ജീവിതത്തിന് അർത്ഥവും ലക്ഷ്യവും കണ്ടെത്തുന്നതിനും സഹായകരം ആകുന്നു. മതത്തിന് വിശ്വാസങ്ങൾ ഉണ്ട്. പ്രാർത്ഥന, ആരാധന, ഉത്സവങ്ങൾ, തീർത്ഥാടനം തുടങ്ങിയ നന്മതിന്മകളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, ജീവകാരുണ്യം, അഹിംസ തുടങ്ങിയ ധാർമ്മിക ഉത്തരവാദിത്തങ്ങൾ നിയമമായി മതം അനുശാസിക്കുന്നു. മതത്തിന് തനതായ നിയമങ്ങളും ഉണ്ട്. പലപ്പോഴും ഈ നിയമങ്ങൾ ആത്മീയ രക്ഷയുടെ ഫലപ്രാപ്തി എന്ന ലക്ഷ്യത്തിൽ നിന്നും ഭൗതിക ഫലപ്രാപ്തി എന്ന ലക്ഷ്യത്തിലേക്ക് മാറിപ്പോകുന്നു. എന്നത് മതവിശ്വാസത്തിന് ദോഷകരമായ പ്രവണതയായി കാണുന്നു. ഭൗതിക നേട്ടത്തിനായി ആത്മീയത ദുരുപയോഗം ചെയ്യുന്ന പ്രവണത ഇന്ന് പല മതവിശ്വാസങ്ങളിലും പ്രബലമായി കാണുന്നത് ദുഃഖകരം ആണ്. ഇത് യഥാർത്ഥ ആത്മീയതയിൽ നിന്നും വ്യത്യസ്തമായ ദൈവവിശ്വാസം ആകുന്നു. ഒരു വ്യക്തിക്ക് മതവിശ്വാസം ഇല്ലാതെയും ധാർമ്മിക ജീവിതം നയിക്കുവാൻ സാധിക്കും. എന്നാൽ ഒരു ധാർമ്മിക ജീവിതം എങ്ങനെ നയിക്കാം എന്നതിന് ചൂണ്ടുപലകയായി വർത്തിക്കുവാൻ ഒരു മതവിശ്വാസത്തിന് കഴിയുമ്പോൾ ആണ് അത് ഒരു ദൈവീക സഭ ആകുന്നത്. "ശോകം നിറയും ലോകനിവാസം വിട്ടുപിരിഞ്ഞോർക്കേകുക മോദം ശോഭനമാകും ശാശ്വതഗേഹേ" ●

# ഞാൻ പ്രശാന്തമായി കിടന്നുറങ്ങും, അങ്ങാണ് എനിക്ക് സുരക്ഷിതത്വം നൽകുന്നത് (സങ്കീ. 4:8)

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

ഇന്ന് ജീവിത സൗകര്യങ്ങൾ കൂടുന്തോറും സ്നേഹബന്ധങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ആരും എങ്ങും സുരക്ഷിതരുമല്ല. എവിടെയും ഇന്നു മത്സരമാണ്. ഇന്ന് അസൂയയും മത്സരവുമില്ലാത്തത് മരണമെന്ന മൂന്നക്ഷരത്തിനു മാത്രമാണ്. യഥാർത്ഥ വിജയം മറ്റുള്ളവരെ തോല്പിച്ചു താഴെയിറക്കുന്നതിലല്ല പിന്നയോ, നമ്മുടെ ഇടപെടലുകൊണ്ട് എതിർകക്ഷിയുടെ ഹൃദയം കീഴടക്കുന്നതിലാണ്. ശത്രുവിനെ ക്ഷമകൊണ്ടു തോല്പിക്കാൻ കഴിഞ്ഞെങ്കിൽ അവരാണ് ഏറ്റവും വലിയ ജയാളി. പ്രതികാരത്തിന്റെ വിജയം ഒരു നിമിഷ നേരത്തേയ്ക്കേ ഉള്ളു. ക്ഷമകൊണ്ടും സ്നേഹം കൊണ്ടും നേടുന്ന വിജയം ജീവിതത്തെപ്പോലും മാറ്റി മറിയ്ക്കും "കർത്താവ് കോരസീനേ നിനക്ക് ഹാ കഷ്ടം ബേത്സായിമേ നിനക്കു കഷ്ടം (മത്താ.11:21)"നമ്മളോരുത്തരും വലിപ്പചെറുപ്പമില്ലാത്ത കോരസീനും ബേത്ത്സയിദേയുമാണ്. ഇന്നു സഭയിലാണെങ്കിലും സമൂഹത്തിലാണെങ്കിലും സ്വന്തം കാര്യങ്ങൾക്കു മാത്രമാണ് ആവേശം കാണിക്കുന്നത്. ഇന്നു നടക്കുന്ന ഓരോ സംഭവങ്ങളും നമ്മളെ വിളിച്ച് അറിയിക്കുന്നത് ഒരുങ്ങിക്കോ എന്നുള്ള മുന്നറിയിപ്പുകളാണ്. "വിരുന്നു വീട്ടിൽ പോകുന്നതിനെക്കാളും വിലാപ ഭവനത്തിൽ പോകുന്നത് നല്ലത്. അതല്ലോ സകല മനുഷ്യരുടേയും അവസാനം. ജീവിച്ചിരിക്കുന്നവർ അതു ഹൃദയത്തിൽ കരുതിക്കൊള്ളും". (സഭാ. 7:2) ഇന്നു വിലാപഭവനത്തിൽ പോയിട്ടു തിരിച്ചുവരുന്നവർ മരണം ഓർത്തല്ല ഭാരപ്പെടുന്നത് എത്ര ലക്ഷം മുടക്കിയാൽ കാര്യങ്ങൾ നടത്താം പെണ്ണിനെ കെട്ടിക്കാൻ ഇപ്പം കുറച്ച് കൊടുത്തിട്ട് ബാക്കി പിന്നെ തരാമെന്നെങ്കിലും പറയാം. മരണവീട്ടിൽ അതല്ല എല്ലാം റെഡി പൈസയാണല്ലോ! ഒരുവനു മറ്റൊരുവനോടുള്ള അസൂയയാണ് ഈ മാറ്റങ്ങളൊക്കെ സമൂഹത്തിന്റെ ഇടയിൽ ഉണ്ടാകുന്നത്. അവരു നടത്തിയതിനേക്കാൾ സ്വല്പംകൂടി ഭംഗിയാക്കണം ഒരു ഓളം വേണം മറ്റുള്ളവർ കാണുമ്പോൾ. എത്രമാത്രം മനുഷ്യൻ അധ:പതിച്ചുപോയി. എത്രയോ ചെറുപ്പക്കാരാണ് ഭൂമിയിൽനിന്നും മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഓരോരുത്തരും ഈ ഭൂമിയിൽനിന്നു മാറ്റപ്പെടുമ്പോൾ മരണത്തിന്റെ ക്യൂവിൽ അടുത്തുകൊണ്ടേയിരിക്കുന്നു. ഓരോ ആവശ്യങ്ങൾക്കായി നാം എവിടെയെങ്കിലും പോയിരിക്കുമ്പോൾ നമ്പർ അനുസരിച്ച് വിളിച്ചുകൊണ്ടിരിക്കും. അതുപോലെ നമ്മുടെ വിളി വന്നിരിക്കും.

പതിനായിരം നിലപൊക്കി പണിതാലും
അതിനുള്ളിലും മൃത്യു കയറിച്ചെല്ലും
രോഗങ്ങളോരോന്നും പെട്ടെന്നുള്ളാപത്തും
ആർക്കും വരുന്നതി ക്ഷോണി തന്നിൽ

സ്ഥാനമാനങ്ങൾക്ക് ഇവിടെ മുൻഗണനയും പിൻഗണനയുമില്ല. ക്രമമനുസരിച്ച് അത് നടന്നു കൊണ്ടേയിരിക്കും. ആരെക്കൊണ്ടൊക്കെ റെക്കമെന്റു ചെയ്യിച്ചാലും പരിഗണന കിട്ടത്തില്ലാത്ത ഒരു സ്ഥാപനം "അവിടുന്ന് ഭൂമിയെ വിധിക്കാൻ വരുന്നു. ജനതകളെ ന്യായത്തോടുകൂടെ വിധിയ്ക്കും" (സങ്കീ.98:9) ഭൂമിയിൽ നമ്മൾ ഓരോ ആവശ്യങ്ങൾക്കായി ഓരോരുത്തരുടെയടുത്തു ചെല്ലുമ്പോൾ ആദ്യം വന്നവർക്കാണ് മുൻഗണന. ഈ കാര്യത്തിനു മാത്രം സമയപരിധിയില്ല. ഈ ഭൂമിയിൽ എത്ര സുഖലോലുപനായി ജീവിച്ചാലും നല്ലൊരു അന്ത്യം കിട്ടുന്നവൻ ഭാഗ്യവാനാണ്. "സൈന്യബാഹുല്യം കൊണ്ടുമാത്രം രാജാവു രക്ഷനേടുന്നില്ല. കരുത്തുകൊണ്ടുമാത്രം യോദ്ധാവ് മോചിതനാകുന്നില്ല. പടക്കുതിരയെകൊണ്ടു ജയിക്കാമെന്ന ആശ വ്യർത്ഥമാണ്. അതിന്റെ വലിയ ശക്തികൊണ്ട് അതിനു രക്ഷിക്കാൻ കഴിയുകയില്ല. തന്നെ ഭയപ്പെടുന്നവരെയും തന്റെ കാരുണ്യത്തിൽ പ്രത്യാശ വയ്ക്കുന്നവരേയും കർത്താവ് കടാക്ഷിക്കുന്നു (സങ്കീ. 33:16). എന്റെ മനസ്സിൽനിന്നു മാറാതെ നില്ക്കുന്ന ഒരു കാര്യം ഞാനെഴുതി പോകയാണ്. എന്റെ ഭർത്താവ് മരിച്ചുകഴിഞ്ഞ് ഞങ്ങളുടെ പള്ളിയിൽ വരുന്ന വലിയ സാമ്പത്തികം ഒന്നുമില്ലാത്ത ഒരു സഹോദരി എന്റെ കയ്യിൽ 500 രൂപ തന്നു. ഞാൻ ചോദിച്ചു, ഇതെന്തിനാണെന്ന് അപ്പോൾ പറഞ്ഞു. ഇതു കയ്യിലിരിക്കട്ടെ. എനിക്ക് പലപ്പോഴും തന്നിട്ടുള്ളതല്ലേ. ആ സഹോദരിയുടെ ഓർമ്മയിൽ എന്റെ ഭർത്താവ് മരിച്ചുപോയതുകൊണ്ട് ആരും ഇനിയും കൊടുക്കാനില്ല തന്റെ കൈയിലുള്ളതു കൊടുക്കാമെന്നു ചിന്തിച്ചു കാണും. സഹോദരിക്ക് പെൻഷൻ കിട്ടിയ പൈസ ആയിരിക്കും. ആരും കാണാതെ എന്നെ പിടിച്ചേൽപ്പിക്കാൻ നോക്കുകയാണ്, ആ പാവപ്പെട്ട സഹോദരിയെ ഞാൻ പലപ്പോഴും ഓർത്തുപോവുകയും കണ്ണു നിറയുകയും ചെയ്യും. അവരുടെ മനസ്സിലെ ചിന്ത എനിക്ക് സാമ്പത്തിക ബുദ്ധിമുട്ടായിരിക്കുമെന്നാണ്. അതാണ് നിഷ്കളങ്കമായ സ്നേഹം. അവരെപ്പറ്റിയുള്ള ഓർമ്മകൾ അധികമില്ലെങ്കിലും, ആ മനസ്സിന്റെ നിഷ്കളങ്കത ഓർത്തിട്ടു പലപ്പോഴും എന്റെ കണ്ണു നിറഞ്ഞുപോകും. ഞാൻ പലരോടും ഇതു പറഞ്ഞിട്ടുണ്ട്. കേൾക്കുന്നവർക്കുപോലും വിഷമം വരും. കാരണം ആ സഹോദരിയുടെ ഇല്ലായ്മയിൽനിന്ന് അവരുടെ കയ്യിൽ ഉള്ളത് എനിക്കു തരാനൊരുങ്ങി. ഭർത്താവ് മരിച്ചുപോയതുകൊണ്ട് പൈസായ്ക്കൊക്കെ ബുദ്ധിമുട്ടായിരിക്കുമെന്ന് ആ നിഷ്കളങ്ക മനസ്സിൽ വിചാരിച്ചുകാണും. കോടികൾ കയ്യിലുള്ളവരിൽ കടന്നു ചെല്ലാത്ത ചിന്ത. നമ്മളേപ്പോലെ ഉള്ളവർ എത്ര പേർ ഇങ്ങനെ ചിന്തിക്കും. സത്യം പറഞ്ഞാൽ ആദരിക്കേണ്ടത് ഇതുപോലെയുള്ള നിഷ്കളങ്ക മനസ്സുള്ളവരെയാണ്. വിധവയുടെ ചില്ലിക്കാശാണ് എനിക്ക് തരാൻ ശ്രമി

ച്ചത്. പ്രാർത്ഥനയേക്കാളും വലിയ ഒരു മനസ്സാണ് ഞാൻ ആ സഹോദരിയിൽ കണ്ടത്. ദിവസവും പള്ളിയിൽ പോയതു കൊണ്ടോ പെരുന്നാൾ നടത്തിയത്കൊണ്ടോ നേർച്ചകൾ സംഭാവന ചെയ്തതുകൊണ്ടോ ഒന്നുമല്ല ദൈവ ത്തിനുമഹത്വം കൊടുക്കുന്നത്. ഇതുപോലെയുള്ള മനസ്സു ള്ളവരാണ് ഏറ്റവും വലിയവർ ദൈവത്തിന്റെ മുമ്പിൽ കേട്ടു പഠിക്കുന്നതിനേക്കാളും കണ്ടുപഠിക്കണം. എന്നേപ്പോലുള്ള അനേകർക്ക് ആ സഹോദരി ഒരു മാതൃക തന്നെയാണ് കാണിച്ചു തന്നത്. ഒരു മനുഷ്യന്റെ യഥാർത്ഥ സൗന്ദര്യം അവരുടെ മനസ്സിനാണ്. ആരോഗ്യവും സൗന്ദര്യവും സമ്പ ത്തുമൊക്കെ ഏതു നിമിഷവും തറപറ്റാം. ഇതിനു മൂന്നിനും ഒരു ഗാരന്റിയുമില്ല. വസ്തുവിന്റെ ആധാരവും പണത്തിന്റെ പാസ്സുബുക്കുമൊക്കെ മനുഷ്യന് സൂക്ഷിച്ചു പാത്തു വയ്ക്കാം. എന്നാൽ ജീവന്റെ ആധാരം ദൈവത്തിന്റെ കയ്യിൽ സുരക്ഷിതമായി ഇരിക്കുകയാണ്. സമയമാകുമ്പോൾ വേണ്ട രീതിയിൽ കൈയിൽ കിട്ടും. നമ്മുടെ ജീവിത സായാഹ്നം സുരക്ഷിതമാക്കുവാൻ പ്രാർത്ഥനയാകുന്ന അക്കൗണ്ട് കൃപ യുടെ ബാങ്കിൽ നിക്ഷേപിച്ചു ദൈവനാമത്തിനു മഹത്വം കിട്ടുന്ന പ്രവൃത്തി കൊണ്ട് കൃപയുടെ ബാങ്ക് തുറക്കാം. ●

## ആഗോളക്നാനായ സൺഡേസ്കൂൾ സമാജം വാർഷികം

ചിങ്ങവനം: ആഗോള ക്നാനായ സൺഡേ സ്കൂൾ സമാജത്തിന്റെ 72-ാമത് വാർഷിക സമ്മേളനം നീലംപേ രൂർ സെന്റ് ജോർജ് ക്നാനായ വലിയ പള്ളിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറി യാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. സൺഡേ സ്കൂൾ സമാജം ഡയറക്ടർ ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത്, പി.ഐ. ഏബ്രഹാം പള്ളി ക്കപറമ്പിൽ, ജെബി ഏബ്രഹാം പള്ളിക്കപ്പറമ്പിൽ, ജൂബി കളത്തിൽ, പി.സി. ഏബ്രഹാം, സജി തെക്കേകരോട്ട്, ബിനോപാറക്കുളം, പി.എ.ഏബ്രഹാം കുഴിക്കണ്ടത്തിൽ, ജോസഫ്കുട്ടി ഇടയാടിയിൽ, ജയിംസ് അഴകത്തുചിറ യിൽ, ജോർജ്മുളമൂട്ടിൽ, കെ.പി.ഏബ്രഹാംകുറ്റിയിൽ എന്നിവർ പ്രസംഗിച്ചു. സൺഡേ സ്കൂൾ സമാജം ജന റൽ സെക്രട്ടറി ഫാ.ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ ഷാർജയിലേക്ക് ട്രാൻസ്ഫറായ ഒഴിവിൽ ജനറൽ സെക്ര ട്ടറിയായി ഫാ. സൈനോ മർക്കോസ് കൊച്ചുമംഗരയെ തിരഞ്ഞെടുത്തു. സൺഡേസ്കൂൾ അദ്ധ്യാപകവൃത്തി യിൽ 50 വർഷം, 40 വർഷം, 25 വർഷം സേവനം പൂർത്തി യാക്കിയ അദ്ധ്യാപകരെ ആദരിച്ചു. സൺഡേസ്കൂൾ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥി കൾക്കും കലാമത്സരങ്ങളിൽ വിജയികളായവർക്കും സമ്മാനങ്ങളും ട്രോഫികളും വലിയ മെത്രാപ്പോലീത്ത മോർ സേവേറിയോസ് വിതരണം ചെയ്തു. ●

## ക്നാനായദീപം അറിയിപ്പുകൾ

ക്നാനായദീപത്തിന്റെ വരിസംഖ്യ കുടിശിഖയായി ധാരാളം പൈസ കിട്ടാനുണ്ട്. നേരത്തേപോലെ കളക്ഷൻ ഏജന്റുമാർ ഇല്ല. ആയതിനാൽ എല്ലാവരും ദയവായി ദീപം ഓഫീസിൽ വിളിച്ചോ **8547584440** എന്ന നമ്പറിൽ WhatsApp ചെയ്താൽ കുടിശിഖ അടക്കുവാൻ സാധിക്കും.




ക്നാനായദീപം മാസികയ്ക്കുവേണ്ടി റാന്നി, കല്ലിശ്ശേരി, ചിങ്ങവനം മേഖലകളിൽ കമ്മീഷൻ വ്യവസ്ഥയിൽ കളക്ഷൻ ഏജന്റുമാരെ ആവശ്യമുണ്ട്. താല്പര്യമുള്ള വർ ക്നാനായ ദീപം ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജേക്കബ് കല്ലുകുളം, (മാനേജിംഗ് എഡിറ്റർ)**
Mob. 8547584440, 9447563240


## House Plots for Sale

Dream Valley, Saippukavala
Chingavanam
1 KM from M.C. Road
Tel. 9744881237
Email: kelachandra@gmail.com

# ഏവൻഗേലിയോൻ ദീപം



ഫാ.സൈനോ മാർക്കോസ് കൊച്ചുമംഗര

**16-08-2026 - വാങ്ങിപ്പിനുശേഷം 1-ാം ഞായർ**
**വേദഭാഗം വി.മർക്കോസ് 10: 35 -45**

ഈ വേദഭാഗത്തിൽ യഥാർത്ഥ മഹത്വം അധികാരത്തിലല്ല, വിനയത്തിലും സേവനത്തിലുമാണ് എന്ന് യേശു പഠിപ്പിക്കുന്നു. സെബദി പുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിനോട് തന്റെ മഹത്വത്തിൽ ഉയർന്ന സ്ഥാനങ്ങൾ ചോദിക്കുന്നു.എന്നാൽ യേശു അവരേയും മറ്റ് ശിഷ്യന്മാരേയും പഠിപ്പിക്കുന്നത് ദൈവരാജ്യത്തിലെ മഹത്വം ലോകത്തിന്റെ മഹത്വത്തിൽനിന്ന് വ്യത്യസ്തമാണ് എന്നാണ്.

**സന്ദേശങ്ങൾ**

1. മഹത്വത്തിനുള്ള ആഗ്രഹം ശരിയായ രീതിയിലായിരിക്കണം;അതായത് സ്ഥാനവും ബഹുമാനവും അന്വേഷിക്കുന്നതിനേക്കാൾ ദൈവഹിതം അന്വേഷിക്കണം.

2. യേശുവിനെ അനുഗമിക്കുന്നത് ത്യാഗത്തിന്റെ വഴിയാണ്. യേശുവിന്റെ പാനപാത്രം കുടിക്കുക എന്നത് കഷ്ടതയും ത്യാഗവും സഹിക്കുവാൻ തയ്യാറാവുക എന്നതാണ്. “യേശുവിന്റെ സ്നാനം” മരണ, പുനരുത്ഥാനമാണ്.

3. യഥാർത്ഥ നേതാവ് സേവകനാണ്. ശിഷ്യന്മാരുടെ പാദം കഴുകി, തുടച്ച്, ചുംബിച്ച് യേശു അത് നിവർത്തിച്ച് കാണിച്ചു.

**പ്രായോഗികതയിൽ**

1. വിനയത്തോടെ മറ്റുള്ളവരെ കരുതുക, സേവിക്കുക.

2 അധികാരത്തിനോ പ്രശസ്തിക്കോ വേണ്ടി മത്സരിക്കാതെ സ്നേഹത്തോടെ ശുശ്രൂഷ ചെയ്യുക

3. യേശുവിന്റെ മാതൃക പിൻതുടർന്ന് ത്യാഗപൂർണ്ണമായ ജീവിതം നയിക്കുക.

4. ദൈവദൃഷ്ടിയിൽ വലിയവനാകാൻ അപരന് നന്മ ചെയ്യുക

**23-08-2026-വാങ്ങിപ്പിനുശേഷം രണ്ടാം ഞായർ,**
വേദഭാഗം ലൂക്കോസ്. 11:9-20

ഈ വേദഭാഗത്തിലൂടെ യേശു പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ചും ദൈവത്തിന്റെ നന്മയെക്കുറിച്ചും ദൈവരാജ്യത്തിന്റെ മഹത്വത്തെക്കുറിച്ചും പഠിപ്പിക്കുന്നു.

**പ്രധാന സന്ദേശങ്ങൾ**

**1. സ്ഥിരതയോടെ പ്രാർത്ഥിക്കുക**

“ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും. അന്വേഷിപ്പിൻ

നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും, ”വിശ്വാസത്തോടെ ദൈവത്തോട് അപേക്ഷിക്കണം. പ്രാർത്ഥനയിൽ നിരാശപ്പെടാതെ സ്ഥിരത പുലർത്തണം. കാരണം, ദൈവം തന്റെ സമയത്തും തന്റെ ഇഷ്ടപ്രകാരവും മറുപടി നൽകുന്നു.

**2. ദൈവം നല്ല പിതാവാണ്**

ഭൂമിയിലെ പിതാക്കന്മാർ മക്കൾക്ക് നല്ലത് നൽകുന്നു എങ്കിൽ സ്വർഗ്ഗീയ പിതാവ് അതിലും ശ്രേഷ്ഠമായത് നൽകും. പ്രത്യേകിച്ച് ഇവിടെ പറയുന്നു, തന്നോട് അപേക്ഷിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകാൻ ദൈവം സന്നദ്ധനാണ്. ദൈവം നമ്മുടെ ആവശ്യങ്ങൾ അറിയുന്ന സ്നേഹപിതാവാണ്.

**3. യേശുവിന്റെ ശക്തി ദൈവത്തിൽ നിന്നുള്ളതാണ്**

താൻ ദൈവത്തിന്റെ ശക്തിയാൽ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം അവരുടെ നടുവിൽ എത്തിയിരിക്കുന്നു എന്നതാണ് അതിന്റെ തെളിവ്. യേശുവിന്റെ അത്ഭുതങ്ങൾ ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യവും പിശാചിനോടുള്ള ദൈവത്തിന്റെ വിജയവും വെളിപ്പെടുത്തുന്നു.

**പ്രായോഗികതയിൽ**

1. വിശ്വാസത്തോടും സ്ഥിരതയോടും പ്രാർത്ഥിക്കുക.

2. ദൈവത്തിന്റെ നന്മയിലും സ്നേഹത്തിലും പൂർണ്ണമായി ആശ്രയിക്കുക.

3. യേശുക്രിസ്തുവിന്റെ അധികാരത്തിൽ വിശ്വസിച്ച് ആത്മീയ പോരാട്ടത്തിൽ ധൈര്യത്തോടെ നിലകൊള്ളുക.

4. ദൈവരാജ്യ മൂല്യങ്ങൾ ജീവിതത്തിൽ പ്രകടമാക്കുക.

**30-08- 2026 - വാങ്ങിപ്പിനുശേഷം മൂന്നാം ഞായർ**
**വേദഭാഗം വി.മത്തായി 17: 22-27**

ഈ വേദഭാഗത്തിൽ ദൈവപുത്രനായ യേശുവിന്റെ താഴ്മയും അനുസരണയും ദൈവത്തിന്റെ കരുതലും കാണുവാൻ സാധിക്കുന്നു. രണ്ട് പ്രധാന സംഭവങ്ങളാണ് ഈ ഭാഗത്ത് കാണുവാൻ കഴിയുന്നത്.

1. യേശു തന്റെ ദൗത്യം വ്യക്തമായി അറിഞ്ഞിരുന്നു.യേശുവിന്റെ കഷ്ടപ്പാടും മരണവും ഉയിർത്തെഴുന്നേൽപ്പും ശിഷ്യന്മാരോട് മുൻകൂട്ടി അറിയിച്ചിരുന്നു. ഇത് ദൈവത്തിന്റെ രക്ഷാപദ്ധതി യാദൃശ്ചികമല്ലെന്നും ദൈവം മുൻകൂട്ടി നിശ്ചയിച്ചതാണെന്നും വ്യക്തമാക്കുന്നു.

2. ശിഷ്യന്മാർ ദു:ഖിച്ചു. എന്നാൽ അവർക്ക് പൂർണ്ണമായി മനസ്സിലായില്ല. വിശ്വാസജീവിതത്തിലും പലപ്പോഴും ദൈവത്തിന്റെ പദ്ധതി പിന്നീട് മാത്രമേ നമുക്ക് വ്യക്തമായി മനസ്സിലാവൂ.

3. യേശു അവകാശമുള്ളവനായിരുന്നില്ല. നിയമം അനുസരിച്ചു. ഇതിലൂടെ അവകാശം പിടിച്ചു പറ്റുന്നതിനേക്കാൾ സമാധാനവും സാക്ഷ്യവും വിലപ്പെട്ടതാണെന്ന് പഠിപ്പിച്ചു.

4.ദൈവം തന്റെ മക്കളുടെ ആവശ്യങ്ങൾ അത്ഭുതകരമായി നിറവേറ്റുന്നു.ദൈവം വിളിച്ചിരിക്കുന്ന ജീവിതത്തിന് ആവശ്യമായത് അവൻ സമയത്ത് ഒരുക്കും. എന്നാൽ അത് ദൈവത്തിൽ വിശ്വസിച്ച് താഴ്മയോടും അനുസരണത്തോടെയും ജീവിക്കുന്നവർക്കായി മാത്രം.

**06-09-2026 - വാങ്ങിപ്പിനുശേഷം 4-ാംഞായർ**
വേദഭാഗം. വി.മർക്കോസ്. 6:1-6

ഈ വേദഭാഗത്തിലെ പ്രധാന ആശയം അവിശ്വാസം ദൈവത്തിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതാണ്. നസ്രേത്തിലെ ആളുകൾ യേശുവിനെ ‘മരപ്പണിക്കാരൻ’ ‘മറിയത്തിന്റെ മകൻ’ എന്ന നിലയിൽ മാത്രം കണ്ടു.

**സന്ദേശങ്ങൾ**

1. അടുത്ത പരിചയം പലപ്പോഴും ഒരാളെ കുറച്ച് കാണുന്നതിന് കാരണമാകാം. യേശുവിനെ അടുത്തറിയാമെന്ന് കരു

തിയവർ അവന്റെ ദൈവികത തിരിച്ചറിഞ്ഞില്ല. ദൈവം സാധാരണ സാഹചര്യങ്ങളിലൂടെ പ്രവർത്തിക്കുമ്പോൾ നാമും അതിനെ അവഗണിക്കാതിരിക്കണം.

2.അവിശ്വാസം ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിന് തടസ്സമാകുന്നു. അതുപോലെ വിശ്വാസം ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് വാതിൽ തുറക്കുന്നു.

3. ദൈവത്തിന്റെ ഭടന്മാരെ ബഹുമാനിക്കണം.യേശുപറയുന്നു, ഒരു പ്രവാചകൻ തന്റെ സ്വന്തം നാട്ടിലും ബന്ധുക്കളുടെ ഇടയിലും സ്വന്തം വീട്ടിലും അല്ലാതെ മറ്റെവിടെയും അനാദരിക്കപ്പെടുന്നില്ല.

യേശുവിനെ ജീവനുള്ള കർത്താവായും രക്ഷകനായും സ്വീകരിക്കുക. മുൻ വിധികളും പരിചയവും കാരണം, ദൈവത്തിന്റെ ശബ്ദം അവഗണിക്കാതിരിക്കുക.എല്ലാ സാഹചര്യങ്ങളിലും വിശ്വാസത്തോടെ ദൈവത്തെ ആശ്രയിക്കുക. അവരെ ഉപയോഗിക്കുന്ന ആളുകളേയും ശുശ്രൂഷകളേയും ആദരവോടെ സ്വീകരിക്കുക.

**15-09-2026-വാങ്ങിപ്പിനുശേഷം 5-ാം ഞായർ**
**വേദഭാഗം. വി.ലൂക്കോസ് . 11; 33-41**

ഈ വേദഭാഗത്തിൽ യേശു വെളിച്ചം, ആത്മീയ കാഴ്ച, ആത്മാർത്ഥത, ശുദ്ധഹൃദയം, എന്നിവയെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. പുറമെയുള്ള പ്രകടനങ്ങളേക്കാൾ ഉള്ളിലെ വിശുദ്ധിയ്ക്കാണ് യേശു വില കല്പ്പിക്കുന്നത് എന്ന് സ്പഷ്ടം.

**സന്ദേശങ്ങൾ**

1. നമ്മുടെ ജീവിതം അപരന് വെളിച്ചമായിരിക്കണം.

തണ്ടിന്മേലുള്ള വിളക്ക് പോലെ ക്രിസ്തുശിഷ്യന്മാർ അവരുടെ ജീവിതത്തിലൂടെ ദൈവത്തിന്റെ വെളിച്ചം മറ്റുള്ളവരിലേക്ക് പകരണം.

2. ഉൾക്കാഴ്ച്ച ശുദ്ധമായിരിക്കണം. കണ്ണ് ശരീരത്തിന്റെ വിളക്കാണ്. ആയതിനാൽ നമ്മുടെ മന:സാക്ഷി ദൈവകേന്ദ്രീകൃതമായാൽ ജീവിതം മുഴുവൻ വെളിച്ചമാകും. നേരെ മറിച്ച് അസൂയ, സ്വാർത്ഥത, പാപം, എന്നിവ നമ്മുടെ കാഴ്ച്ചയെ ഇരുളാക്കും.

3. ബാഹ്യപ്രകടനങ്ങളേക്കാൾ ഹൃദയ വിശുദ്ധിയാണ് പ്രധാനം. യേശു കൈകഴുകാതെ ഭക്ഷണം കഴിച്ചതിൽ ഒരു പരീശൻ അത്ഭുതപ്പെട്ടു. അതിന് യേശു,"അവൻ പാത്രത്തിന്റെ പുറം വൃത്തിയാക്കുന്നു, എങ്കിലും ഉള്ളിൽ കൊള്ളയും വഞ്ചനയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു എന്നാണ്". ദൈവം പുറംരൂപമല്ല, ഹൃദയമാണ് നോക്കുന്നത്.

4.കരുണയും നൽകലും യഥാർത്ഥ വിശുദ്ധിയുടെ അടയാളമാണ്. ഉള്ളിലുള്ളത് ദാനമായി കൊടുപ്പീൻ അപ്പോൾ എല്ലാം നിങ്ങൾക്ക് ശുദ്ധമായിരിക്കും.ഉള്ളിലുള്ളത് ദൈവസ്നേഹമാണെങ്കിൽ അത് കാരുണ്യമായി, നന്മയായി, മറ്റുള്ളവർക്ക് നൽകാൻ കഴിയും.

**4. ചോദ്യങ്ങൾ**

1. എന്റെ ജീവിതം മറ്റുള്ളവർക്ക് ക്രിസ്തുവിന്റെ വെളിച്ചം പകരുന്നുണ്ടോ?
2. എന്റെ ആത്മീയ കാഴ്ച്ച ദൈവത്തിങ്കലേക്കാണോ, ലോകത്തിന്റെ ആഗ്രഹങ്ങളിലേക്കാണോ?
3. ഞാൻ പുറമെ ഭക്തിയുടെ രൂപം മാത്രമാണോ, അതോ ഉള്ളിൽ ദൈവഭയവും വിശുദ്ധിയുമുണ്ടോ?
4. ആവശ്യക്കാരോട് കരുണയും ഔദാര്യവും കാണിക്കുന്നുണ്ടോ?

---

# പ്രതിസന്ധികളിലെ ദൈവീക കൈയ്യൊപ്പ്

**Dn.അഖിൽ മനോജ്, പുന്നൂച്ചേരിൽ**

ജീവിതത്തിന്റെ കൊടുങ്കാറ്റുകൾക്ക് മുന്നിൽ തളർന്നുപോകാതിരിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ്.

ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആര്?എന്ന തിരുവചനം ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകില്ല, എന്നല്ല, മറിച്ച് ഏതൊരു കഠിനമായ സാഹചര്യത്തിലും ദൈവം കൂടെയുണ്ടാകുമെന്ന ഉറപ്പാണ് നൽകുന്നത്. സ്വന്തം സഹോദരങ്ങളാൽ ഒറ്റപ്പെടുത്തപ്പെട്ട ജോസഫിനും, ശൗലിന്റെ പീഡനങ്ങൾ നേരിട്ട ദാവീദിനും ദൈവം അനുകൂലമായി നിന്നു. അവിടുത്തെ സാന്നിദ്ധ്യം കൂടെയുള്ളപ്പോൾ ഒരു അഗ്നിജ്വാലയ്ക്കും നമ്മെ ദഹിപ്പിക്കാനോ,ആഴമുള്ള വെള്ളത്തിൽ മുക്കിക്കളയാനോ സാധ്യമല്ല. വരാനിരിക്കുന്ന നിത്യതേജസ്സിനെ ധ്യാനിക്കുന്ന ഒരു വിശ്വാസിക്ക് ഈ ലോകത്തിലെ ദുരിതങ്ങൾ വെറും നിസ്സാരമായി തോന്നും.

നോഹയുടെ പ്രളയകാലത്ത് സകലമനുഷ്യരും മൃഗങ്ങളും കടപുഴകി വീണപ്പോഴും ഒലിവ് വൃക്ഷം മാത്രം പ്രത്യാശയുടെ പച്ചപ്പായി തലയുയർത്തി നിന്നു. ജീവിതത്തിൽ അടിക്കടി സഹനങ്ങൾ വരുമ്പോഴും രോഗങ്ങളാലും അപവാദങ്ങളാലും ഒറ്റപ്പെട്ടുപോകുമ്പോഴും നമ്മെ നശിക്കാതെ തളിർത്തുനിർത്തുന്നത് ദൈവത്തിന്റെ കരം ഒന്നു മാത്രമാണ്. 'നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. ഞാൻ നിന്നെ സഹായിക്കും.'(യെശയ്യാവ് 41:10) എന്ന അവിടുത്തെ വാഗ്ദാനം ഓരോ തകർച്ചയിലും നമുക്ക് പ്രത്യാശയാകുന്നു. നമ്മെ കണ്ണിന്റെ കൃഷ്ണമണിപോലെ പരിപാലിക്കുന്ന ആ തിരുസാന്നിദ്ധ്യത്തിന്റെ ആഴമറിഞ്ഞതുകൊണ്ടാണ് 'അവിടുന്ന് കൂടെ പോരുന്നില്ലെങ്കിൽ ഞങ്ങളെ ഇവിടുന്ന് പുറപ്പെടുവിക്കരുതേ' എന്ന് മോശെ പ്രാർത്ഥിച്ചത്. മനുഷ്യരായ നമുക്ക് പരിമിതികൾ ഉണ്ടെങ്കിലും നമ്മുടെ വലംകൈ പിടിച്ചു നടത്തുന്ന പരിമിതികളില്ലാത്ത ദൈവം കൂടെയുണ്ടെന്ന തിരിച്ചറിവ് പ്രതിസന്ധികളിൽ വഴുതി വീഴാതിരിക്കാൻ നമ്മെ സഹായിക്കും. ഈ ലോകത്ത് എന്തു പ്രതികൂലങ്ങൾ വന്നാലും അതിനൊന്നും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിയില്ല. ആരോഗ്യം ഉണ്ടായാലും ഇല്ലെങ്കിലും സന്തോഷത്തിലും സങ്കടത്തിലും ഏത് സാഹചര്യത്തിലും ദൈവത്തെ സ്തുതിക്കാൻ നാം തയ്യാറാകണം. കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ ആപത്തോ ഒന്നും തന്നെ ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കില്ല എന്ന് പൗലോസ് അപ്പോസ്തോലൻ ഓർമ്മിപ്പിക്കുന്നു. സാഹചര്യങ്ങൾ എത്ര പ്രക്ഷുബ്ധമായാലും ഉയരത്തിനോ ആഴത്തിനോ മറ്റൊരു സൃഷ്ടിക്കോ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കാൻ കഴിയുകയില്ല എന്ന പൂർണ്ണമായ ഉറപ്പോടെ നമുക്ക് മുമ്പോട്ട് നീങ്ങാം. ●

# കൊടുപ്പിൻ എന്നാൽ നിങ്ങൾക്കും കിട്ടും

ഉണ്ണി എബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ബ്രിട്ടനിലെ സ്കോട്ട് ലാൻഡ് എന്ന സ്ഥലത്ത് ഫ്ളെമിഗ് എന്നു പേരായ ഒരു സാധുകർഷകൻ ഒരു ചതുപ്പുനിലത്തിനുസമീപമുള്ള തന്റെ കൃഷിസ്ഥലത്ത് വേലചെയ്തുകൊണ്ടിരിക്കെ അപ്രതീക്ഷിതമായി ഒരു കുട്ടിയുടെ കരച്ചിൽ കേൾക്കുവാനിടയായി. അദ്ദേഹം സംഭവസ്ഥലത്ത് പാഞ്ഞെത്തി. ചതുപ്പ് നിലമാണെന്നറിയാതെ വഴിതെറ്റി വന്ന ഒരു ബാലൻ ചതുപ്പിൽ മുങ്ങിത്താഴുന്ന കാഴ്ച്ചയാണ് അയാൾ അവിടെ കണ്ടത്. കർഷകൻ ആപത്ത് വകവെയ്ക്കാതെ ചതുപ്പിലേക്ക് ചാടി ബാലനെ രക്ഷിച്ച് പ്രഥമ ശുശ്രൂഷകൾ നൽകി സ്വഭവനത്തിലേക്കയച്ചു. എന്നാൽ അടുത്തദിവസം ആ നാട് അന്നുവരെ കണ്ടിട്ടില്ലാത്ത ഒരു അത്ഭുത വാഹനത്തിൽ ഒരാൾ കർഷകനെ തേടിയെത്തി. അയാൾ കൈകൂപ്പി വിനീതനായി ചോദിച്ചു. അങ്ങ് ആരാണ്? എന്തിന് എന്നെത്തേടിയെത്തി? അദ്ദേഹം കർഷകന്റെ കൂപ്പിയ കരങ്ങളെ സ്വന്തം കൈകളാൽ താഴ്ത്തി വിനയപൂർവ്വം പറഞ്ഞു.'അങ്ങ് ഇന്നലെ എന്റെ മകന്റെ ജീവൻ രക്ഷിച്ചു, അതിന് പ്രത്യുപകാരം ചെയ്യാൻ വന്നതാണ്.' കർഷകൻ വിനയപൂർവ്വം അത് നിരസിച്ചു കൊണ്ട് പറഞ്ഞു, 'എനിക്കതിന്റെ ആവശ്യമില്ല. എനിക്കും ഒരു മകനുണ്ട്. ഞാൻ ചെയ്യുന്നതിന്റെ പ്രതിഫലം ദൈവം അവന് കൊടുത്തുകൊള്ളും. 'അദ്ദേഹം കർഷകന്റെ മകനെ നിർബന്ധപൂർവ്വം ഏറ്റെടുത്ത് പഠിപ്പിച്ചു. ലണ്ടനിലെ സെന്റ് മേരീസ് മെഡിക്കൽ കോളേജിൽ നിന്നും വൈദ്യശാസ്ത്രത്തിൽ അവൻ ഉന്നതബിരുദം നേടി. 1914 മുതൽ 1918 വരെ നീണ്ടുനിന്ന ഒന്നാം ലോകമഹായുദ്ധകാലത്ത് അദ്ദേഹം റോയൽ ആർമിയിൽ മെഡിക്കൽ കോറിൽ ചേർന്ന് സേവനം അനുഷ്ഠിച്ചു. ഗവേഷണത്തിൽ അതീവ തല്പ്പരനായിരുന്ന അദ്ദേഹം അനേകം ഗവേഷണങ്ങൾ നടത്തി. 1928-ൽ പെൻസിലിൻ എന്ന അത്ഭുത ഔഷധത്തിന്റെ കണ്ടുപിടുത്തത്തിൽ കൂടി 1945-ൽ നോബൽ സമ്മാന ജേതാവായി. അദ്ദേഹത്തിന്റെ പേരാണ് അലക്സാണ്ടർ ഫ്ളെമിംഗ്. അദ്ദേഹത്തെ ഏറ്റെടുത്ത് പഠിപ്പിച്ച ആ വലിയ മനുഷ്യന്റെ പേര് 'Lord Randolph Henry Churchil'. അദ്ദേഹത്തിന്റെ ഏകമകൻ രോഗശയ്യയിൽ മരണത്തോടു മല്ലടിക്കുമ്പോൾ ആ മരുന്നിന്റെ പ്രയോജനം ആദ്യമായി ലഭിച്ചത് അദ്ദേഹത്തിന്റെ മകൻ വിൻസ്റ്റൺ ചർച്ചിലിനും. നിർധനനായ ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനുവേണ്ടി അദ്ദേഹം കാണിച്ച സന്മനസ്സ് ലോകപ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞനെ സൃഷ്ടിക്കാനിടയായി. കൂടാതെ ലോകം കണ്ട ഏറ്റവും മികച്ച ഭരണാധികാരികളിലൊരാളായിരുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലിന്റെ ജീവനും രക്ഷിക്കാനായി. ഉപകാരം എന്നതുപോലെ പ്രത്യുപകാരവും നന്ദിയും കൃതജ്ഞതയും മനുഷ്യനാവശ്യമാണ്. എന്നാൽ അത് ഇന്നത്തെ തലമുറയിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു. നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക, ഏറിയനാൾ കഴിഞ്ഞ് അത് നിനക്ക് തിരികെ കിട്ടും. (സദൃ11:1)

ചെയ്യേണ്ടത് ചെയ്യാതിരിക്കുകയും ചെയ്യണ്ടാത്തത് ചെയ്യുകയും ചെയ്യുന്നത് പാപമാണ്. (sin of commission and sin of ommission) കർത്താവ് പറഞ്ഞു, ഈ ചെറിയവരിൽ ഒരുത്തന് ഒരു പാത്രം വെള്ളം കുടിപ്പാൻ കൊടുത്താലും അതിന് പ്രതിഫലം കിട്ടാതെ പോകയില്ല (മത്തായി 10:4). കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും തന്നെ കൊടുക്കണം.അല്ലാതെ വകമാറ്ററുത്. (ലൂക്കോ25:25)യോഗ്യതയുള്ളവർക്കാണ് കൊടുക്കേണ്ടത്. (സദൃ6:6-11) സൗജന്യമായി ലഭിച്ച കൃപാവരങ്ങൾ സൗജന്യമായിത്തന്നെ കൊടുക്കണം. പ്രതിഫലം ഇച്ഛിക്കരുത്. (മത്തായി 10:6-10). എങ്ങനെ കൊടുക്കണം.രഹസ്യത്തിൽ സദൃ(21:14). വലംകൈകൊണ്ട് ചെയ്യുന്നത് ഇടം കൈ അറിയരുത്. (മത്തായി 6:1-4).മനസ്സാക്ഷി അനുസരിച്ചാണ് കൊടുക്കേണ്ടത്. പരപ്രേരണയാലല്ല (2.കൊറി 9:6-8) മഴ,വെയിൽ, വായു, ഇവയെല്ലാം ദൈവത്തിന്റെ ദാനവും സൗജന്യവുമാണ്. അതിൽനിന്നും ദുഷ്ടനെ അകറ്റിനിർത്തുന്നില്ല. (മത്താ.5: 45) കർത്താവ് പറഞ്ഞു,'കൊടുപ്പീൻ എന്നാൽ നിങ്ങൾക്കും കിട്ടും.' നിങ്ങൾ കൊടുക്കുന്ന അളവിനാൽതന്നെ നിങ്ങൾക്കും കിട്ടും (ലൂക്കോ: 6: 38)നാം മറ്റുള്ളവരോട് കാണിക്കുന്ന സ്നേഹം, ബഹുമാനം, നന്ദി, ആത്മാർത്ഥത, ഇവയിൽ കവിഞ്ഞൊന്നും തിരിച്ച് പ്രതീക്ഷിക്കരുത്. ഓരോരുത്തരും മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരെന്ന് കരുതണം. (ഫിലി 2:3-4). സാരഫാത്തിലെ വിധവ തന്റെ ഇല്ലായ്മയിൽനിന്ന് ഏലിയാവിന്റെ വിശപ്പടക്കി .അതിനാൽ അവളുടെ കലത്തിലെ മാവും ഭരണിയിലെ എണ്ണയും വറ്റിപ്പോയില്ല. (1 രാജ 17: 10-16)കർത്താവിന്റെ അടുക്കൽ എത്തി നിത്യജീവന്റെ മാർഗ്ഗം തേടിയ ധനവാനായ യൗവ്വനക്കാരനോട് കർത്താവ് പറഞ്ഞു, നീ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് ദാനം ചെയ്യുക എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കും.(മത്താ.9:16-21) പിൽക്കാലത്ത് അദ്ദേഹം മാനസാന്തരപ്പെട്ടു. അപ്പോ (9:1-18). തനിക്ക് ഉള്ളതെല്ലാം വിറ്റ് കർത്താവിന്റെ വീരരക്തസാക്ഷിയായി. പൗലോസ് ശ്ളീഹാ എന്നപേരിൽ പ്രസിദ്ധനായി. എളിയവർ ആരാധിക്കപ്പെടണം, ദരിദ്രർ സംരക്ഷിക്കപ്പെടണം, സാധുക്കൾക്ക് നീതി ലഭിക്കണം, വിശക്കുന്നവന് ഭക്ഷണം നൽകണം. (യാക്കോ 2: 15 16).വിധവമാരുടെ ദു:ഖത്തിൽ പങ്കുചേരണം(യാക്കോ1:27) അവിടെയാണ് കർത്താവ് പ്രസാദിക്കുന്നത്. നിർധനയായ വിധവയുടെ ചില്ലിക്കാശിൽ കർത്താവു പ്രസാദിച്ചു(മർക്കെ 12: 41-44).അവൻ വാരിക്കോരി ദരിദ്രർക്കു കൊടുക്കുന്നു. അവന്റെ നീതി എന്നേയ്ക്കും നിലനിൽക്കും. (2.കൊറി 9:9). യോഹന്നാൻ സ്നാപകൻ പറഞ്ഞു, രണ്ടു വസ്ത്രം ഉള്ളവൻ ഒന്നും ഇല്ലാത്തവന് ഒന്നു കൊടുക്കണം. ഭക്ഷണ സാ



പീഡിപ്പിക്കുന്നവൻ അവന്റെ സൃഷ്ടാവിനെ നിന്ദിക്കുന്നു, ദരിദ്രനോട് കരുണകാണിക്കുന്നവൻ അവനെ ബഹുമാനിക്കുന്നു. (സദൃ14:31). നിന്റെ വായ് തുറന്ന് നീതിയോട് സ്വയം വിധിക്ക, എളിയവനും ദരിദ്രനും ന്യായപാലനം ചെയ്തുകൊടുക്ക, (സദൃ31:9) ഇസ്രയേൽ മക്കളോട് ഉള്ള ദൈവത്തിന്റെ കരുതലിന്റെ ഭാഗമായി യൗസേപ്പിനെ മുൻകൂട്ടി മിസ്രയീമിലേക്ക് അയച്ച് ക്ഷാമകാലത്ത് അവരെ ദൈവം പരിപോഷിപ്പിച്ചു. (ഉല്പ്പ 45:1-7).

ഇസ്രയേലിന് ദൈവം കൊടുത്ത ന്യായപ്രമാണ കല്പ്പനകളിൽ മൂന്നാമത്തെ ദശാംശം മൂന്നു വർഷത്തിലൊരിക്കൽ അനാഥർ, ദരിദ്രർ, വിധവമാർ, പരദേശികൾ, ലേവ്യർ എന്നിവർക്കുള്ള വിഹിതമാണ്. (ആവ 14:28-29)

അവൻ അനാഥർക്ക് ന്യായം നടത്തിക്കൊടുക്കുന്നു. പരദേശിയെ സ്നേഹിച്ച് വസ്ത്രവും അന്നവും നൽകുന്നു. ആവ (10:8).കൊയ്ത്തുകാലത്തു വിളവെടുപ്പിലും അനാഥർ, വിധവമാർ, പരദേശികൾ, ദരിദ്രർ എന്നിവരോടുള്ള ദൈവത്തിന്റെ കരുതൽ കാണാം (ആവ: 24:19-21)

ധനങ്ങളും അപ്രകാരം തന്നെ പങ്കുവെക്കണം.((ലൂക്കോ: 3: 11). അവർ ദരിദ്രർ നീതിപാലിക്കും. ദേശത്തിലെ സാധുക്കൾക്ക് നേരിട്ട് സഹായം വിധിക്കും (യെശ11:4) കർത്താവ് പറഞ്ഞു, വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് നല്ലത്(അപ്പോ 20:35) എളിയവനെ

# മോർ സേവേറിയോസ് എഡ്യൂക്കേഷൻ ട്രസ്റ്റ്

മോർ സേവേറിയോസ് എഡ്യൂക്കേഷൻ ട്രസ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും, ക്നാനായ കമ്മിറ്റിയുടെയും സംയുക്തയോഗം 16-6-2026-ൽ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി. എക്സിക്യൂട്ടീവ് ട്രസ്റ്റി ശ്രീ. തമ്പാൻ തോമസ് സ്വാഗതം ആശംസിക്കുകയും 2025-26-ലെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

ദീർഘകാലം എക്സിക്യൂട്ടീവ് ട്രസ്റ്റി ആയി പ്രവർത്തിച്ച റ്റി.ഒ. ഫിലിപ്പ് തട്ടാനിയത്തിന്റെ നിര്യാണത്തിൽ അഭി. തിരുമേനി പ്രാർത്ഥിച്ച് അനുശോചനം രേഖപ്പെടുത്തി.

അഭി. തിരുമേനിയുടെ അനുഗ്രഹ പ്രസംഗത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 42,99,263/രൂപ ഗുണഭോക്താക്കളിൽ നിന്നും തിരികെ അടപ്പിക്കുകയും 40,15,000/- രൂപ 161 വിദ്യാത്ഥികൾക്കായി വിതരണം ചെയ്യുകയും ചെയ്തതിലുള്ള സന്തോഷം അറിയിച്ചു. അതിനുവേണ്ടി പ്രവർത്തിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളേയും പ്രത്യേകിച്ച് എക്സിക്യൂട്ടീവ് ട്രസ്റ്റികളായ ബഹു. കെ.കെ. ഏബ്രഹാം കുറ്റിയിൽ അച്ചനേയും, ശ്രീ.തമ്പാൻ തോമസിനേയും പ്രത്യേകം അനുമോദിച്ചു. വിദ്യാഭ്യാസത്തിൽകൂടി മാത്രമേ നല്ല ഒരു ഭാവി തലമുറയെ രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് മേലിലും നിങ്ങളുടെ കൂട്ടായ പ്രവർത്തനം ഉണ്ടാകണമെന്നും, അതുപോലെ ഈ വർഷം വാർഷിക പൊതുയോഗത്തോടനുബന്ധിച്ച് വിശിഷ്ടാതിഥികളെ പങ്കെടുപ്പിച്ച് ഫണ്ട് വിതരണ ഉദ്ഘാടനം നടത്തേണ്ടതാണെന്നും അഭി. തിരുമേനി ഉദ്ബോധിപ്പിച്ചു.

പുണ്യശ്ലോകനായ അഭി. ഗീവർഗീസ് മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ പുതുക്കലായി സേവേറിയോസ് ദിന കവർ പിരിവിനെ നാം കാണേണ്ടതാണന്ന് അസ്സോസിയേഷൻ പ്രസിഡന്റ് ബഹു. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ അച്ചൻ തന്റെ പ്രസംഗത്തിൽ ഓർമ്മപ്പെടുത്തി.

ഗുണഭോക്താക്കളിൽനിന്നും ലഭിക്കുവാനുള്ള കുടിശിഖ (Over due) പിരിച്ച് എടുക്കുന്നതിന് എല്ലാവിധ ഒത്താശകളും ചെയ്യുവാൻ സമുദായ നേതൃത്വം തയ്യാറാണെന്ന് സമുദായ സെക്രട്ടറി ശ്രീ.റ്റി.ഒ. ഏബ്രഹാം തന്റെ പ്രസംഗത്തിൽ വാഗ്ദാനം ചെയ്തു.

മോർ സേവേറിയോസ് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായ ജേക്കബ് പണിക്കർ പണിക്കരോടത്ത്, വില്ലി വടാമറ്റം, ജൂബി കെ. ജേക്കബ് കൊച്ചുപുരയ്ക്കൽ, ബിജു ജേക്കബ് കൈതാരം, ജൂബി കെ. ജേക്കബ് കൊല്ലൻപറമ്പിൽ, ജിജി കുര്യൻ പോഴിമണ്ണിൽ എന്നിവരും, ക്നാനായ കമ്മിറ്റിയംഗങ്ങളായ ഉതുപ്പാൻ ജോസഫ് ചെരിവുപറമ്പിൽ, രഞ്ജു ചാക്കോ കോഴിമറ്റം, സാബു കണ്ണാട്ടിപ്പുഴ, ജോബി ജോസഫ് കാരിക്കോട്ട്, ലിനു ചെറിയാൻ വരാത്തറ, സജി റ്റി. ചാക്കോ താന്നിക്കൽ, തോമസുകൂട്ടി തേവരുമുറിയിൽ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

അഭി. തിരുമേനിയുടെ ആശിർവാദത്തോടുകൂടി യോഗം അവസാനിച്ചു.

എക്സിക്യൂട്ടീവ് ട്രസ്റ്റികൾക്കുവേണ്ടി
തമ്പാൻ തോമസ്, കോളഭാഗത്ത്

# സമയമാം രഥം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

ഒരു സൺഡേസ്കൂൾ മീറ്റിംഗിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ അടുത്തുള്ള റോഡിലൂടെ ഒരു ശവസംസ്ക്കാര വിലാപയാത്ര കടന്നുപോയി. ഉച്ചഭാഷിണിയിലൂടെ ഒഴുകിയെത്തി

'സമയമാം രഥത്തിൽ ഞാൻ

സ്വർഗ്ഗയാത്ര ചെയ്യുന്നു...'

കുട്ടികളോടു ചോദിച്ചു: ഈ പാട്ടിനെപ്പറ്റി എന്തറിയാം. മുതിർന്നവരോടും ചോദിച്ചു: ഈ പാട്ടിനെപ്പറ്റി എന്തറിയാം. ആർക്കും വ്യക്തമായ ഒരു ധാരണ ഉണ്ടായിരുന്നില്ല. ഒരു കാര്യത്തിൽ ഉറപ്പുണ്ടായിരുന്നു. ഇത് മരണവീടുകളിൽ പാടുന്ന ഒരു വിലാപഗാനമാണ്. ചില വിദ്വാന്മാർ അല്പം കൂടി ചേർത്ത് പറഞ്ഞു 'കൊച്ചുകുഞ്ഞ് ഉപദേശിയാണ് ഇതിന്റെ രചയിതാവ്.'

ഇതിന്റെ വേരുകൾ തേടി പോയപ്പോഴാണ് കാര്യങ്ങൾ മനസ്സിലായത്. ഇതൊരു വിലാപഗാനമായി എഴുതപ്പെട്ടതല്ല. എഴുതിയത് മലയാളത്തിലാണെങ്കിലും എഴുതിയ ആൾ മലയാളിയല്ല. എന്നാൽ മലയാളിയായ ഒരു റെയിൽ സ്റ്റേഷൻ മാസ്റ്ററുടെ ജർമ്മൻ മരുമകനാണ് പ്രസിദ്ധമായ ഈ ഗാനം എഴുതിയത്. മരുമകന്റെ പേര് ഫോൾ ബ്രെസ്റ്റ് നാഗൽ. ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു ഭാഷകളിൽ പ്രാവീണ്യം നേടിയ അദ്ദേഹം ഒട്ടേറെ ക്രൈസ്തവ ഗാനങ്ങൾ എഴുതുകയും പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1893-ലാണ് നാഗൽ കേരളത്തിലെത്തുന്നത്. ബാസൽ മിഷൻ മിഷണറിയായി കണ്ണൂരിലാണ് ആദ്യം പ്രവർത്തനം തുടങ്ങിയത്. പിന്നീട് വാണിയംകുളത്തേക്ക് പ്രവർത്തന മേഖല മാറ്റിയതോടെ ബാസൽ മിഷൻ പ്രവർത്തനം ഉപേക്ഷിച്ചു. കുന്നംകുളത്തുവച്ച് ഹാൻഡ്‌ലിബേഡ് എന്ന ബ്രദറൺ മിഷണറിയെ പരിചയപ്പെട്ടതോടെ ബ്രദറൺ സഭാ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ തുടങ്ങി.

ഇതിനിടയിൽ 1896 - ൽ ആയിരുന്നു വിവാഹം. സ്റ്റേഷൻ മാസ്റ്ററുടെ മകളും അദ്ധ്യാപികയുമായിരുന്ന ഹാരിയറ്റ് സബീനാ മിച്ചൽ എന്ന ആംഗ്ലോ ഇൻഡ്യൻ പെൺകുട്ടിയെ കുന്നംകുളത്തുവച്ച് ജീവിത സഖിയാക്കി.

വസൂരി, കോളറ മുതലായ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്ന കാലമായിരുന്നു അത്. രോഗികളെ വസൂരി നോട്ടക്കാരെ ഏല്പിച്ചിട്ട് വീട്ടുകാരും ബന്ധുക്കളും വീടുവിട്ടുപോകും. അന്ന് ഇത്തരം രോഗികളനുഭവിച്ചിരുന്ന ഭയാനകമായ ഏകാന്തത മനസ്സിലാക്കി നാഗൽ അവരെ സ്വന്തമെന്നോണം കരുതി ശുശ്രൂഷിച്ചിരുന്നു. ഒരിക്കൽ



അത്തരമൊരു പുരയിലെത്തിയപ്പോൾ അവിടെയുള്ള പായ്ക്കെട്ട് അനങ്ങുന്നതു കണ്ടു. ഉള്ളിലുണ്ടായിരുന്ന രോഗിയെ പുറത്തെടുത്ത് നാഗൽ ശുശ്രൂഷിച്ച് സുഖപ്പെടുത്തി ജീവിതത്തിലേക്കു മടക്കി കൊണ്ടുവന്നു.

മിഷണറി വേലയായിരുന്നു നാഗലിന്റെ പ്രധാന പ്രവർത്തന മേഖലയെങ്കിലും ആതുര സേവനരംഗത്ത് നടത്തിയ ശുശ്രൂഷകൾ അതുല്യവും അഭിനന്ദനീയവുമായിരുന്നു.

ജർമ്മനിയിലെ ഹേസനിലായിരുന്നു നാഗൽ ജനിച്ചത്. തുകൽ പണിക്കാരനായ പീറ്റർ നാഗലിന്റെയും ഏലിസബത്തിന്റെയും മകനായി 1867 നവംബർ മൂന്നിനാണ് ഫോൾ ബ്രെഷ്റ്റ് നാഗലിന്റെ ജനനം. ചെറുപ്പത്തിലെ മാതാപിതാക്കൾ നഷ്ടപ്പെട്ട നാഗലിനെ വളർത്തിയത് അദ്ധ്യാപകനായ ബിൽഡേ വാൾഡാണ്.

കേരളത്തിലെ മിഷണറി പ്രവർത്തനങ്ങൾക്കിടയിൽ രോഗികളെ ശുശ്രൂഷിക്കുക മാത്രമല്ല പാവപ്പെട്ടവരെ സഹാ

യിക്കാനും നാഗൽ സമയം കണ്ടെത്തിയിരുന്നു. വീടുപണിക്കാവശ്യമായ ഓലയും മുളയും എത്തിച്ചു കൊടുക്കുക, കല്ലു വെട്ടുക, കുമ്മായം കുഴക്കുക മുതലായ പണികളൊക്കെ ചെയ്യുന്നതിൽ നാഗലിന് ഒരു മടിയുമില്ലായിരുന്നു. 1905-ൽ തൃശൂരിനടുത്തുള്ള നെല്ലിക്കുന്നിൽ പെൺകുട്ടികൾക്കായി 'രെഹാബോത്ത്' എന്ന അനാഥാലയവും ആരംഭിച്ചു.

"സമയമാം രഥത്തിൽ.......... എന്നത് ഒരു പ്രത്യാശാ ഗാനമായിട്ടാണ് നാഗൽ എഴുതിയത്. കാളവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ കാളവണ്ടിചക്രത്തിന്റെ ശബ്ദത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് നാഗൽ ആ വരികളെഴുതിയത്. ക്ഷണികമായ ലോകജീവിതത്തിൽ നിന്നും സ്വർഗ്ഗീയ അനുഭവത്തിന്റെ പ്രത്യാശ ഉണർത്തുന്ന ഗാനമാണത്. പാറപ്പുറത്തിന്റെ 'അര നാഴിക നേരം' എന്ന സിനിമയിൽ ഈ ഗാനം ഉൾപ്പെടുത്തിയിട്ടുണ്ട്. ചിത്രത്തിൽ അംബികയും രാഗിണിയും ഇതൊരു പ്രാർത്ഥനാ ഗാനമായിട്ടാണ് പാടുന്നത്. അതോടെ 'സമയമാം രഥ'ത്തിന് പ്രചാരമേറി. എന്നാൽ നാഗലിന്റെ വരികൾ സിനിമയിലാക്കിയ വയലാർ രാമവർമ്മ വാക്കുകൾക്ക് ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്തായാലും അതോടെ 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു' എന്ന നാഗലിന്റെ ഗാനം മലയാളികളുടെ മരണവീട്ടിൽ ഒരു വിലാപഗാനമായി മാറി.

1914- ൽ മൂത്ത മക്കളായ സാമുവേലിനെയും, തിയോഡറെയും ഉപരിപഠനത്തിന് ചേർക്കാൻ നാഗൽ ജർമ്മനിയിലേക്കു പോയി. ഭാര്യയും മറ്റു മൂന്നു മക്കളും തൃശൂരിൽ തുടർന്നു. അപ്പോഴേക്കും ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. 1918 ൽ യുദ്ധം അവസാനിച്ചശേഷം ഇൻഡ്യയിലേക്കു മടങ്ങാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. പിന്നീട് ജർമ്മനിയിലെ വിഡനസ്റ്റിനിലുള്ള വേദപഠന ശാലയിൽ അദ്ധ്യാപകനായി തുടർന്നു.

1921 - ൽ രോഗാതുരനായ നാഗലിനെ ശുശ്രൂഷിക്കാനായി ഭാര്യ ഹാരിയറ്റ് ജർമ്മനിയിലെത്തി. ഇതിനിടയിൽ കേരളത്തിലേക്കു മടങ്ങാൻ അനുമതി ലഭിച്ചെങ്കിലും അതിനു കാത്തു നിൽക്കാതെ നാഗൽ 1921 മെയ് 21 ന് സമയമാം രഥത്തിലേറി സ്വർഗ്ഗത്തിലേക്കു മടങ്ങി.

ഈ മെയ് മാസം 21 ന് നാഗൽ ഓർമ്മയായിട്ട് നൂറുവർഷം പിന്നിടുന്നു. സമയമാം രഥത്തിന്റെ ചക്രം ഇപ്പോഴും മുന്നോട്ട് ഓടിക്കൊണ്ട് യാത്ര തുടരുകയും ചെയ്യുന്നു. ●

## ശുഭചിന്തകൾ

**ശരിയിൽ കൈ പിടിക്കുകയും തെറ്റിൽ ചൂണ്ടി തിരുത്താൻ സഹായിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ സ്നേഹിതർ. ബാക്കിയെല്ലാം കൂടെ കൂടുന്ന നിഴലുകൾ മാത്രം.**


**Nazareth Asramam, Othera**

List of Donations for the Period from 1/4/2026 to 31/07/2026

Cini Babu,Thundiyil house, Eraviperoor Rs. 6000/-
Subin Punnoose, Kanakarithottathil house Rs.5000/-
Thankamma Mathew,
Chandanappalliyil house, Othera Rs. 3000/-
Amal Babu,vadakkelayathu house,
Thiruvanvandoor Rs.6000/-
Kevin & amp, Delina,vennuvellil house,
kallissery Rs. 6000/-
Sunil George Kadakkalethu house,
Mazhukkeer Rs.6000/-

To make your contributions:
T.K Kurian Thekkattil Secretary, 9544695097
Account Details
M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729

T.K Kurian Thekkattil
Secretary, 9544695097


**7th Death Anniversary**

**23-08-2026**



**A.K. Jacob**
**Kunnirickal Manackal**
**Kattode, Thiruvalla**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**Sorrowing Family**




ഒരു ഗ്രാമത്തിൽ അരുൺ എന്ന ബാലൻ ജീവിച്ചിരുന്നു. അവൻ പഠനത്തിലും കളിയിലും വളരെ മിടുക്കനായിരുന്നു. എന്നാൽ തന്റെ കഴിവിൽ അമിതമായ അഭിമാനം തോന്നിയതിനാൽ മറ്റുള്ളവരെ പലപ്പോഴും ചെറുതായി കാണുമായിരുന്നു.

ഒരു ദിവസം സ്കൂളിൽ പ്രസംഗമത്സരം നടന്നു. അരുൺ ഒന്നാം സമ്മാനം തനിക്ക് തന്നെയായിരിക്കുമെന്ന് ഉറപ്പിച്ചു. പക്ഷേ ഫലം വന്നപ്പോൾ ശാന്തനും വിനയശീലനുമായ മറ്റൊരു വിദ്യാർത്ഥിയ്ക്കാണ് ഒന്നാം സമ്മാനം ലഭിച്ചത്.

അരുണിന് വളരെ വിഷമമായി. അപ്പോൾ അദ്ധ്യാപകൻ അവനോട് പറഞ്ഞു.

“കഴിവ് മനുഷ്യനെ ഉയർത്തും.” പക്ഷേ വിനയമാണ് ഉയരത്തിൽ അവനെ നിലനിർത്തുന്നത്.”

ആ വാക്കുകൾ അരുണിന്റെ മനസ്സിൽ തട്ടി. അതിനുശേഷം അവൻ എല്ലാവരോടും സ്നേഹത്തോടെയും ബഹുമാനത്തോടെയും പെരുമാറാൻ തുടങ്ങി. തന്റെ വിജയങ്ങൾക്കൊപ്പം മറ്റുള്ളവരുടെ കഴിവുകളേയും അഭിനന്ദിക്കാൻ അവൻ പഠിച്ചു. കുറച്ചുകാലത്തിനുശേഷം അവൻ നല്ല വിദ്യാർത്ഥി മാത്രമല്ല, എല്ലാവർക്കും പ്രിയങ്കരനുമായി മാറി.

**ഗുണപാഠം**

**വിനയം മനുഷ്യന്റെ ഏറ്റവും വലിയ ആഭരണമാണ്. വിനയമുള്ളവനെ എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.**

## Answers for the month of July
## Book of Zephaniah

1. A prophet of God.
2. King Darius of Persia
3. To rebuild the Temple of the Lord in Jerusalem.
4. They were busy with their own houses and had become discouraged.
5. Their ways.
6. Zerubbabel and Joshua the high priest.
7. Zerubbabel, son of Shealtiel.
8. Joshua, son of Jehozadak.
9. The glory of the latter Temple would be greater than the former.
10 “My servant” and “like a signet ring.”

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**മലാഖി**

1. മലാഖി പുസ്തകത്തിൽ എത്ര അദ്ധ്യായങ്ങളുണ്ട്?
2. മലാഖി എന്ന പേരിന്റെ അർത്ഥമെന്ത്?
3. മലാഖി ഏത് നിയമത്തിലെ പുസ്തകമാണ്?
4. ദൈവം സ്നേഹിച്ചവനായി മലാഖി 1:2-ൽ ആരെ പരാമർശിക്കുന്നു?
5. ദൈവം വെറുത്തതായി മലാഖി 1:3-ൽ ആരെ പറയുന്നു?
6. കർത്താവിന്റെ മഹത്തും ഭയങ്കരവുമായ ദിവസം വരുന്നതിന് മുമ്പ് ആരെ അയയ്ക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു?
7. ദൈവം മാറ്റമില്ലാത്തവനാണെന്ന് പറയുന്ന വാക്യം ഏതാണ്?
8. പഴയ നിയമത്തിലെ അവസാന പുസ്തകം ഏതാണ്?
9. ‘നീതിയുടെ സൂര്യൻ’ ഉദിക്കും എന്ന് പറയുന്നത് ഏത് അദ്ധ്യായത്തിലാണ്?
10. മലാഖി പുസ്തകത്തിന്റെ പ്രധാന സന്ദേശം എന്താണ്?

**ജൂൺ മാസത്തിലെ ഉത്തരങ്ങൾ**

ഹഗ്ഗായി

1. ബെരെഖ്യാവ്
2. ഇദ്ദോ
3. ദാര്യാവേശ് (ദാരിയൂസ്)
4. എട്ട് ദർശനങ്ങൾ
5. ചുവന്ന കുതിരപ്പുറത്ത് ഒരു മനുഷ്യനെ
6. സെഖര്യാവിന്റെ പുസ്തകം
7. സെഖര്യാവ്
8. കഴുതപ്പുറത്ത് കയറി, വിനീതനായി
9. യെരുശലേം ദേവാലയം (രണ്ടാം ദേവാലയം)
10. Book of Haggai യിലെ പ്രവാചകനായ ഹഗ്ഗായി

## Bible Quiz (English) Zechariah

1. How many chapters are in the Book of Zechariah?
2. Who was Zechariah’s father?
3. During whose reign did Zechariah begin to prophesy?
4. How many night visions did Zechariah receive?
5. Who was the governor mentioned in Zechariah?
6. Who was the high priest mentioned in Zechariah 3?
7. What was inside the ephah basket in Zechariah’s seventh vision?
8. On what animal would the coming King ride into Jerusalem?
9. What will be opened for the house of David tocleanse them from sin?
10. According to the final chapter, who shall be King over all the earth?

7 – ാം ചരമവാർഷികം
18 – 06 – 2026

15 – ാം ചരമവാർഷികം
3 – 10 – 2026



തങ്കമ്മ ഇടിക്കുള

എം.ഐ. ഇടിക്കുള

മണിമലേത്ത്
പഴവങ്ങാടി, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

## 29 – ാം ചരമവാർഷികം

05 – 08 – 2026



## C. Zachariah

(ചിറയിൽ, കറിയാച്ചൻ), ഈര

ഭൂമിയിലുള്ള നമ്മുടെ ശരീരമാകുന്ന ഈ ഭവനം അഴിഞ്ഞുപോയാൽ, ദൈവനിർമ്മിതമായ, കൈപ്പണിയല്ലാത്ത, ഒരു ഭവനം സ്വർഗ്ഗത്തിൽ എന്നെന്നേയ്ക്കുമായി ഞങ്ങൾക്കുണ്ട് എന്ന് ഞങ്ങൾ അറിയുന്നു. ഇതു നിമിത്തം ഞങ്ങൾ നെടുവീർപ്പിടുകയും, സ്വർഗീയമായ ഞങ്ങളുടെ ഭവനത്തെ ധരിക്കണം എന്നു പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

53-ാം ചരമവാർഷികം
10-08-2026



കെ.സി.ഉണ്ണിട്ടൻ
കണ്ണംകുഴയത്ത്, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 5 – ാം ചരമവാർഷികം

18 – 08 – 2026



## മിനി തോമസ്സ്

ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

## 2 – ാം ചരമവാർഷികം

02-09-2026



Advt -O

## റോണി മാത്യു (മോൻ)

കാളിശ്ശേരിൽ ഗാർഡൻസ്, ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 1 –ാം ചരമവാർഷികം

26-08-2026



Advt -O

## സൂസമ്മ ജോസഫ്

കാപ്പിൽ പുത്തൻവീട്, കുറിച്ചി, കോട്ടയം

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 4 – ാം ചരമവാർഷികം

02-08-2026



Advt -O

## മറിയാമ്മ ആൻഡ്രൂസ്

ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം

ഞങ്ങളുടെ മാർഗ്ഗദീപമായിരുന്ന അമ്മയുടെ
ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 8 – ാം ചരമവാർഷികം

06- 09 -2026



Advt -R

## V. P. THOMAS

VILAYIL, RANNY

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 14 – ാം ചരമ വാർഷികം
11 – 09 – 2026



## കെ. എ. ഏബ്രഹാം
(Rtd Dyp. Collector)

## 29 – ാം ചരമ വാർഷികം
17-08-2026



## അഡ്വ. അനിൽ ഏബ്രഹാം

കല്ലുവെട്ടാംകുഴിയിൽ, താഴത്തങ്ങാടി, കോട്ടയം

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 5th Death Anniversary
07 – 09 – 2026



## Philipose Mathew
(Thankachen)

Puthenparambil, (BEAUTY CENTRE)
Chingavanam

Deeply missed and Lovingly Remembered by
Sorrowing Family

Advt - R

## 2 –ാം ചരമവാർഷികം
22 – 08 – 2026



## എം. എസ്. രാജൻ
മൂലേത്തറയിൽ, പാണ്ടനാട്, ചെങ്ങന്നൂർ

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

7 – ാം ചരമവാർഷികം

18 – 10 – 2026



പി. എം. കുരുവിള

2 – ാം ചരമവാർഷികം

10 – 08 – 2026



അമ്മിണി കുരുവിള

കാളിശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -R

4 – ാം ചരമവാർഷികം

25 – 08 – 2026

15 – ാം ചരമവാർഷികം

30 – 08 – 2026



എം. എസ്. കുറിയാക്കോസ് മറിയാമ്മ ജോസഫ്

മണക്കാട്ട്, പള്ളം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

# 4 – ാം ചരമവാർഷികം

08 – 09 – 2026



Advt -R

## P.C. KURIAKOSE (BABU)

(St George Sawmill, Karunattuvala)

പതിനഞ്ചിൽ (ആക്കനടി) നീലംപേരൂർ, കുറിച്ചി

"ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മംകൂടി"

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

03 – 08 – 2026



### P.T. BABU

പാറാവേലിൽ, വാകത്താനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 9 – ാം ചരമവാർഷികം

03 – 08 – 2026



### (Retd.) Nb. Sub/Clk ജോസ് മാത്യു

മധുകുഴിയിൽ വീട്, പടിഞ്ഞാറ്റ് ഓതറ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 2 – ാം ചരമവാർഷികം

28 – 08 – 2026

### BASIL JOSEPH

Kizhakkancheripeediyail
Ramamangalam

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



"കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"
Death Anniversary
50th Remembrance
T.S. ഇടുക്കുള (ജോസ്)
(ഇടുക്കുള സാർ)
(St. Thomas H.S Ranny)
തോട്ടുപുറത്ത് മേലേതിൽ
ജനനം : 07/10/1952 | മരണം : 28/08/1976
25th Remembrance
01-08-2026
34th Remembrance
17-06-2026
M. P. STEPHEN
(PAPPI)
SOSAMMA STEPHEN
(THANKAMMA)
THOTTUPURATHU MELETHIL, RANNY


Advt - O



# 2 – ാം ചരമവാർഷികം

30 – 07 – 2026

## M.A. JOSEPH
## (സുവിശേഷകൻ)

**മല്ലപ്പള്ളിൽ, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

പ്രാർത്ഥനാപൂർവ്വം
ഭാര്യ – ഷേർളി ജോസഫ്
മക്കൾ – അൻറ്റു ജോസഫ്
ചിൻറ്റു ജോസഫ്

Advt - O

# 25th Death Anniversary

14 – 08 – 2026



## P.M. MATHEW
## (KUNJUMON)

**PALAKUDIYIL, CHINGAVANAM**

By Sorrowing family

Advt - O

# 40th Day Remembrance

24 August 2026



## M.S Jose

Meppallil Kavanal

Passed Away on: 16-07-2026

*You left us but your love stayed back.*
*No words can express how*
*much we miss you.*
*You will forever be our guiding light*
*and our strength.*
*Your strong presence will be a void forever.*
*Forever loved, forever missed, forever in our hearts..!*

By the Loving Family

Advt - O

കവിത

# ദുഃഖങ്ങൾ കർത്തനോടു ഏറ്റു പറയുക മറുപടി വന്നിരിക്കും

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

മക്കളേ, നിങ്ങൾ അറിഞ്ഞിടുക
പിതാവു, ആകർഷിക്കപ്പെട്ടവൻ മാത്രം
പുത്രന്റെ അടുത്തു എത്തിടുന്നു
പുത്രനോ പാടി സ്തുതിച്ചിടുന്നു

മനുഷ്യന്റെ മുമ്പിൽ ഈശോയെ ഏറ്റു പറയുന്നോരേ
ഈശോ, പിതാവിന്റെ മുമ്പിൽ ഏറ്റു പറയും
മനുഷ്യന്റെ മുമ്പിൽ ഈശോയെ തള്ളിപ്പറയുന്നോരേ
ഈശോ, പിതാവിന്റെ മുമ്പിൽ തള്ളിപ്പറയും

ഈശന്റെ താളം സ്മരിക്കുന്നിടത്തെല്ലാം
ഈശോ, ഇറങ്ങി വന്നു മക്കളെ അനുഗ്രഹിക്കും
രോഗം മാറും, ക്ഷീണം മാറും
വന്ധ്യതയോ, ഗർഭ ഛിദ്രമോ ഉണ്ടാകില്ല പോലും

നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു
അവയിൽനിന്ന് ഈശോ, വിടുവിക്കുന്നു
ആകാശവും ഭൂമിയും അഴിഞ്ഞുപോകും
ദൈവവചനം മാറില്ലല്ലോ

ഈശോയ്ക്ക് ഒന്നാം സ്ഥാനം കൊടുക്കൂ
കാര്യങ്ങളൊക്കെ ക്രമീകരിക്കൂ
കാര്യത്തിനു മുമ്പേ കർത്തനോടി
കാര്യങ്ങളൊക്കെ വിജയത്തിലെത്തിക്കും

ലോകയിമ്പത്തിൽ തിമിർക്കുന്ന മക്കളേ
ലോകം, നിങ്ങളെ തള്ളിപ്പറയും

പൂർണ്ണ മനസ്സോടെ കർത്തനെ സ്തുതിക്കാൻ
കർത്തനെ, നിൻകൃപ എന്നിലൊഴുക്കൂ.

അനുഗ്രഹിക്കപ്പെട്ട തലമുറയെ ലഭ്യമാകാൻ
ജീവിതം, മായാത്ത ചരിത്രമാകാൻ
പ്രാർത്ഥിച്ച്, പ്രാർത്ഥിച്ചു കുടുംബത്തെ
അനുഗ്രഹമാക്കീടും തലമുറയെ
അനുഗ്രഹമാക്കീടും

പ്രാർത്ഥനയ്ക്ക്, രണ്ടുവശം ഉണ്ടുപോലും
ദുഃഖങ്ങൾ കർത്തനോടു ഏറ്റു പറയുക
കർത്തന്റെ സംസാരത്തിനായി കാത്തിരിക്കൂ
കർത്തൻ, കാതിൽ മറുപടി തന്നിരിക്കും

പ്രാർത്ഥിക്കുന്ന മക്കടെ, ഭവനത്തിന് ചുറ്റും
കർത്തൻ, വേലി കെട്ടിടുമേ
പ്രാർത്ഥന ശബ്ദം കേട്ടിടുമ്പോൾ
ദുഷ്ടൻ, പേടിച്ചോടിടുമേ

അതുതന്നെയുമല്ല മക്കളെ
ഭവനത്തിലെ വൃക്ഷലതാദികൾ
പുഷ്പിച്ച് ഫലം തന്നുകൊണ്ട്
തന്നുടെ സന്തോഷം പങ്കു വെയ്ക്കും

പിതാവേ, എന്റെ ആത്മാവിനെ
നിന്റെ കയ്യിൽ ഏല്പിക്കുന്നു എന്ന്
അമ്മ, പറഞ്ഞു പഠിപ്പിച്ച പ്രാർത്ഥന
ഈശൻ, ക്രൂശിൽ നിറവേറ്റിയല്ലോ

അമ്മമാരേ, നിങ്ങൾ അറിഞ്ഞിടുക
മക്കളെ, ചേർത്തു പിടിച്ചുകൊണ്ട്
ദൈവത്തെ, പാടി സ്തുതിച്ചിടുകിൽ
കീർത്തിയുള്ള മക്കളെ, ഈശ്വരൻ തരും

വിശ്വാസത്തോടെ, കർത്തന്റെ മുമ്പിൽ താണിരിപ്പൂ
ദിവ്യകാരുണ്യവും വചനവും ഭക്ഷിക്കൂ!
ദുഃഖങ്ങളൊക്കെ ഏറ്റു പറയൂ
കർത്തൻ, മറുപടി തന്നിരിക്കും.

## അഭിനന്ദനങ്ങൾ



ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളി ഇടവകാംഗം ലിജോ ഏബ്രഹാം പാറെകുന്നുംപുറം ഇന്ത്യൻ വൈ.എ.സി.എ.യുടെ മീഡിയ & കമ്മ്യൂണിക്കേഷൻ നാഷണൽ വൈസ് ചെയർമാനായി തിരഞ്ഞെടുത്തു. വൈ.എ.സി.എ.കേരള റീജിയൻ മെമ്പറും, കോട്ടയം സബ് റീജിയൻ ചെയർമാൻ ഭാരവാഹിയുമായിരുന്നു. നിലവിൽ ഒളശ്ശ വൈ.എ.സി. എ.പ്രസിഡന്റാണ്.

## അഭിനന്ദനങ്ങൾ



മുളയ്ക്കാംതുരുത്തി സെന്റ്ജോർജ് ക്നാനായ പള്ളി ഇടവകയിൽ ഫാ.ഏലിയാസ് സ്കറിയായുടേയും ലിസി ഏലിയാസിന്റേയും മകൻ ലിന്റോ ഇളവൻകുളം ലയൺസ് ക്ലബ്ബ് ഓഫ് കാവാലത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തു. ഇപ്പോൾ ടൂറിസം മേഖലയിൽ ഇളവൻകുളം ഹോളിഡേയ്സ് എന്ന കമ്പനി നടത്തുന്നു.

# പെരുകി വരുന്ന ആത്മഹത്യകൾ- എന്തുകൊണ്ട്?

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

കഴിഞ്ഞ ആഴ്ച കിടങ്ങൂർ സ്വദേശികളായ, അമേരിക്കൻ പൗരത്വമുള്ള ചെറുപ്പക്കാരായ രണ്ടു പെൺകുട്ടികൾ കടലിൽ ചാടി ആത്മഹത്യ ചെയ്ത വാർത്തയറിഞ്ഞപ്പോൾ വളരെ അത്ഭുതവും, ഞെട്ടലും അനുഭവപ്പെടുവാൻ ഇട വന്നു. ഈയടുത്ത കാലം വരെ സാമ്പത്തിക ഭദ്രതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളായിരുന്നല്ലോ ആത്മഹത്യകൾക്ക് കാരണമായി പറയപ്പെട്ടിരുന്നത്. ഇതുപോലെ തന്നെ ഏതാനും മാസങ്ങൾക്ക് മുമ്പ് എറണാകുളം സ്വദേശിയായ ഒരു പ്രശസ്ത നെഫ്രോളജിസ്റ്റ് (Nephrologist) ഉം സമാന സാഹചര്യത്തിൽ ആത്മഹത്യ ചെയ്ത വിവരം മാദ്ധ്യമങ്ങളിലൂടെ നാമൊക്കെ അറിഞ്ഞതാണല്ലോ. മേല്പ്പറഞ്ഞവർ വിദ്യാസമ്പന്നരും, സാമ്പത്തിക ഭദ്രതയും ഉള്ളവരായിരുന്നു. ആത്മഹത്യയ്ക്ക് പ്രത്യേക കാരണങ്ങൾ ഒന്നും തന്നെ പറയുന്നില്ലെങ്കിലും രണ്ടു കൂട്ടരിലും മാനസിക സംഘർഷവും, ജീവിതത്തിനർത്ഥമില്ല എന്ന ചിന്തയും ബാധിച്ചിരുന്നതായി മനസ്സിലാക്കാം.

അതുപോലെ തന്നെ രണ്ടു കൂട്ടർക്കും മാതാപിതാക്കളും, ബന്ധുജനങ്ങളും ഉള്ളവരായിരുന്നു. ആശയ വിനിമയത്തിന് സാഹചര്യം ഉണ്ടായിട്ടും പിന്നീടെന്താണ് സംഭവിച്ചത്? ഒപ്പം തന്നെ ഈ ആത്മഹത്യകൾ രണ്ടും പെട്ടെന്നുണ്ടായ ഒരു മാനസിക സംഘർഷത്തിൽ നിന്നും ഉടലെടുത്തതല്ല മറിച്ച് വ്യക്തമായ പദ്ധതിയിട്ട് നടത്തിയ ആത്മഹത്യകളായിരുന്നു എന്ന് കൂടി മനസ്സിലാക്കാം.

ക്രിസ്തീയ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ ഒരു വിചിന്തനം നടത്തുവാൻ ശ്രമിക്കട്ടെ. സാമ്പത്തിക ഭദ്രതയോ, മനുഷ്യരിൽ നിന്നും ലഭിക്കുന്ന സ്നേഹമോ, ലോകത്തിന്റെ അംഗീകാരമോ ഒന്നും തന്നെ ആരെയും പൂർണ്ണമായി തൃപ്തനാക്കുന്നില്ല എന്നുള്ളതല്ലേ സത്യം? അതായത് ഇവയെല്ലാം ലഭിച്ചാലും ഒരു ശൂന്യതാബോധം മനുഷ്യനിൽ നിലനിൽക്കുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്. ഇത്തരുണത്തിൽ വി. അഗസ്തീനോസിന്റെ വാക്കുകൾക്ക് ഏറെ പ്രസക്തിയുള്ളതായി തോന്നുന്നു. "ദൈവമേ, നീ നിനക്കായി എന്നെ സൃഷ്ടിച്ചു. നിന്നിൽ എത്തിച്ചേരുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും." എന്ന അദ്ദേഹത്തിന്റെ മൊഴിയിൽ ഇത് വ്യക്തമാകുന്നുണ്ട്. മനുഷ്യനിൽ ഒരു ശരീരവും (ദേഹം), മനസ്സും (ദേഹി അല്ലെങ്കിൽ soul), ആത്മാവും (spirit) ഉണ്ട്. മരണത്തോടുകൂടി ശരീരം ഇവിടെ ഉപേക്ഷിക്കപ്പെടുകയും ആത്മാവ് ദൈവത്തിന്റെ പക്കലേക്ക് മടങ്ങുകയും ചെയ്യുന്നു. ഈ ആത്മാവ് ദൈവത്തോട് ഒത്തു ചേരുമ്പോൾ മാത്രമേ അതിന് സ്വസ്ഥത ലഭിക്കുകയുള്ളൂ. ഈ അവസ്ഥയിലായ ആത്മാവ് ദൈവത്തോടു ചേർന്ന് നിത്യമായ ആനന്ദം അനുഭവിക്കുന്നു. അതുകൊണ്ടായിരിക്കുമല്ലോ മരിച്ച് യേശുവോട് ചേരുവാൻ ആണ് ആഗ്രഹിക്കുന്നത് എന്നു വി. പൗലോസ് പറയുന്നത്.

ഭൗതിക നേട്ടങ്ങളും, അംഗീകാരങ്ങളും ഒക്കെ ലഭിക്കുമ്പോൾ വ്യക്തിയുടെ മനസ്സ് സന്തോഷിക്കുന്നു എങ്കിലും, ആ അവസ്ഥയിൽ ആത്മാവിന് സ്വസ്ഥതയും, ആനന്ദവും ലഭിക്കണമെന്നില്ല. മേല്പ്പറഞ്ഞവ നഷ്ടമാകുമ്പോൾ നിരാശ കടന്നുവരികയും, ആത്മഹത്യയിലേക്ക് നയിക്കപ്പെടുവാൻ ഇടയാകുകയും ചെയ്യുന്നു. എന്നാൽ ദൈവാശ്രയവും ദൈവകൃപയുമുള്ള വ്യക്തിക്ക് ഭൗതിക നഷ്ടങ്ങൾ ഉണ്ടായാലും അവരുടെ മനസ്സിന്റെ സന്തോഷത്തെ ബാധിക്കുകയില്ല, മാത്രമല്ല ആത്മീയ ആനന്ദത്തിൽ നിലനിൽക്കുകയും ചെയ്യുന്നതായി കാണാം. അതായത് മാനസിക സന്തോഷത്തിന് വളരെ മുകളിലായി നിൽക്കുന്ന ഒരനുഭവമാണ് ആത്മീയ ആനന്ദം. ഇപ്രകാരമുള്ള അനേകം ആളുകളെ കണ്ടുമുട്ടുവാൻ എനിക്ക് ഇടയായിട്ടുണ്ട്. മനുഷ്യജീവിതത്തിൽ നഷ്ടങ്ങളും, കഷ്ടപ്പാടുകളും, സഹനങ്ങളുമില്ലാത്ത ആരും തന്നെയില്ലല്ലോ. സഹനങ്ങൾക്ക് പലവിധ കാരണങ്ങളുമുണ്ടെങ്കിലും, അത് ദൈവം അനുവദിക്കുന്നതുകൊണ്ടു മാത്രമാണല്ലോ സംഭവിക്കുന്നത്. സഹനങ്ങളെ ദൈവകരങ്ങളിലൂടെ സ്വീകരിക്കുമ്പോൾ അത് നമ്മുടെ വിശുദ്ധീകരണത്തിനും, അനുഗ്രഹത്തിനുമായി മാറുന്നു. അതിലൂടെ നമുക്ക് ധാരാളം കൃപകളും ലഭിക്കുന്നു.

"കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയത്തിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" റോമർ 5:4–5. ദൈവകരങ്ങളിലൂടെ കഷ്ടതകളെ സ്വീകരിക്കുമ്പോൾ അത് സഹനശീലം (endurance) ഉളവാക്കുന്നു ഈ സഹനശീലം നമ്മിൽ വളരുമ്പോൾ നാം ആത്മധൈര്യം ഉള്ളവരായി മാറുന്നു. അങ്ങനെ നാം ദൈവത്തെ അംഗീകരിക്കുന്നവരായി മാറുന്നു. ഈ അവസ്ഥയിൽ നാം വളരുമ്പോൾ നാം പ്രത്യാശയുള്ളവരായി (Hope) മാറുന്നു. ഇത് ഒരു തുടർപ്രവർത്തനം (chain process) ആണ്. പ്രത്യാശയുള്ള വ്യക്തി ഒന്നിലും നിരാശനാകുന്നില്ല. പരിശുദ്ധാത്മാവ് വഴിയാണ് ഈ പ്രത്യാശ നമുക്ക് ലഭിക്കുന്നത്. പ്രത്യാശയുള്ള വ്യക്തിയിൽ ദൈവകൃപയും, ദൈവാശ്രയബോധവും നിലനിൽക്കുന്നു. ഈ അവസ്ഥയിൽ എത്തിച്ചേരുന്ന വ്യക്തി, അവർക്ക് എന്തു തന്നെ നഷ്ടപ്പെട്ടാലും നിരാശരാകാതെ പിടിച്ചു നിൽക്കുന്നു. ഒപ്പം തന്നെ അവർ ആത്മീയ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവർ ഏതു പ്രതികൂലാവസ്ഥയിലും ആത്മഹത്യയെപ്പറ്റി ചിന്തിക്കുക പോലുമില്ല. അവർ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് തന്റെ ജീവിതയാത്ര പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നു. ഇപ്പോൾ നാം യുഗാന്ത്യകാലഘട്ടത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. ഇക്കാലത്ത് തിന്മയുടെ ശക്തികളുടെ ആധിപത്യം വളരെയധികം പ്രബലപ്പെട്ടതായി കാണാം. അതുകൊണ്ടാണ് ഇത്തരം ആത്മഹത്യകളും, കൊലപാതകങ്ങളും സർവ്വസാധാരണമായി കാണുന്നത്. അത് ഇനിയും കൂടിക്കൊണ്ടേയിരിക്കും. "നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി നടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ" (1 പത്രോ. 5:7–9). വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളാണല്ലോ. ഇപ്പോൾ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. "അപ്പോൾ സർപ്പം സ്ത്രീയുടെ നേരെ കോപിച്ചു. ദൈവകല്പനകൾ കാക്കുന്നവരും, യേശുവിന് സാക്ഷ്യം വഹിക്കുന്നവരുമായി അവളുടെ സന്താനങ്ങളിൽ ശേഷിച്ചിരുന്നവരോട് യുദ്ധം ചെയ്യുവാൻ അത് പുറപ്പെട്ടു" (വെളി. 12:17). വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട്, പ്രത്യാശയുള്ളവരായി, ഈ പ്രതികൂല കാലഘട്ടത്തെ അഭിമുഖീകരിക്കുവാനുള്ള കൃപ ലഭിക്കുന്നതിനായി, കൃപ നിറഞ്ഞവളായ ദൈവമാതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

# സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം

കുര്യൻ ഉതുപ്പാൻ,കളത്തിൽ

നാം ഇന്ന് ജീവിക്കുന്ന അസമാധാനത്തിന്റെ ലോകത്തിൽ സമാധാനത്തിനുവേണ്ടി ആളുകൾ പരക്കം പായുകയാണ്. ചിലർ മദ്യപാനത്തിലും, മയക്കുമരുന്നിലും അഭയം പ്രാപിച്ചു മനസ്സിന് സമാധാനം കൊടുക്കുവാൻ ആഗ്രഹിക്കുന്നു. മറ്റു ചിലരാകട്ടെ പുണ്യ സ്ഥലങ്ങൾ സന്ദർശിച്ചും ആൾ ദൈവങ്ങളെ ദർശിച്ചും, മന്ത്രങ്ങൾ ചെയ്തും സമാധാനം അനുഭവിക്കാമോ എന്നു നോക്കുന്നു. അങ്ങനെ വിവിധ മേഖലയിലുള്ള ആളുകൾ വിവിധങ്ങളായ രീതിയിൽകൂടി അസമാധാനത്തോടെ സമാധാനം അന്വേഷിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും. ഇവിടെ അപ്പോസ്തോലനായ പൗലോസ് (ഫിലി. 4:6) ൽ സമാധാനം നേടുവാൻ എന്തു ചെയ്യണമെന്ന് ഫിലിപ്പിയയിലെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത് എപ്രകാരമാകുന്നു എന്ന് നോക്കാം. "ഒന്നിനെക്കുറിച്ചും ഉൽക്കണ്ഠപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുകയാണ് വേണ്ടത്." അപ്രകാരം തന്നെ കർത്താവായ യേശുക്രിസ്തു "ഉൽക്കണ്ഠപ്പെടുന്നതിനാൽ നിങ്ങളിൽ ആർക്കെങ്കിലും തന്റെ ദൈർഘ്യത്തോട് ഒരു മുഴം കൂട്ടുവാൻ കഴിയുമോ" (ലൂക്കാ. 12:25) എന്നും ചോദിക്കുന്നതായി കാണുന്നു.

